Sri. A. J. John:

(a) *A. Receipt*

(1) Life Branch (Official) Rs. 39,841.
(2) Life Branch (Public-Branch Travancore and Cochin combined) Rs. 16,03,810.
(3) Motor Branch (Travancore and Cochin) Rs. 4,37,474.
(4) Fire Branch Rs. 1,23,230.

B. Expenditure

(1) Life Branch (Official) Rs. 33,597.
(2) Life Branch (Public Branch) (Travancore and Cochin combined) Rs. 4,55,575.
(3) Motor Branch (Travancore and Cochin combined) Rs. 66,975.
(4) Fire Branch Rs. 18,766.

(b) *A. Receipts*

(1) Life Branch (Official) Rs. 30,000.
(2) Life Branch (Public Branch Travancore and Cochin combined) Rs. 12,03,800.
(3) Motor Branch (Travancore and Cochin combined) Rs. 2,98,175.
(4) Fire Branch Rs. 6,00,000.

B. Expenditure

(1) Life Branch (Official) Rs. 25,000.
(2) Life Branch (Public Branch) (Travancore and Cochin combined) Rs. 4,02,050.
(3) Motor Branch (Travancore and Cochin combined) Rs. 1,26,790.
(4) Fire Branch Rs. 2,64,319.

(c) *A. Receipt*

(1)) Life Branch (Official) Rs. 42,000.
(2) Life Branch (Public Branch Travancore and Cochin combined) Rs. 18,13,400.
(3) Motor Branch (Travancore and cochin combined) Rs. 5,01,100.
(4) Fire Branch Rs. 5,00,000.

B. Expenditure

(1) Life Branch (Official) Rs. 54,000.
(2) Life Branch (Public Branch Travancore and Cochin combined) Rs. 6,85,929.
(3) Motor Branch (Travancore and Cochin combined) Rs. 1,52,876.
(4) Fire Branch Rs. 2,69,790.

FINANCIAL BUSINESS

Voting of Demands for Grants

Demand No. XXVIII—Labour *(cont.)*

ശ്രീ. എ. കെ. പാച്ചുപിള്ള : സർ, ഈ സംസ്ഥാനത്തെ ലേബർ ഡിപ്പാർട്ടുമെന്റു രൂപീകരിച്ചിരിക്കുന്നതു് ഒരു ലേബർ കമ്മീഷണരേയും മൂന്നു അസിസ്റ്റൻറ് കമ്മീഷണർമാരേയും ഏതാണ്ടു ഇൻസ്പെക്ടർമാരേയും കൊണ്ടാണെന്നു് ഞാൻ ഇന്നലെ പ്രസ്താവിച്ചു. കൂടുതലായി ബഡ്ജറ്റു നോക്കുന്നപക്ഷം @ വെൽഫെയർ ഉദ്യോഗസ്ഥന്മാരും ന്യൂ ഇൻസ്പെക്ടർമാരും കൂടെ സൂപ്പർവൈസർമാരും ഒരു വെൽഫെയർ ഇൻസ്പെക്ടരും ഉണ്ടു്. അതുകൂടാതെ ഫാക്ടറി ഇൻസ്പെക്ടർമാരും ഒരു ടൈബ്യൂണലും ഉണ്ടു്. എന്നാൽ ഇത്രയധികം സ്റ്റാഫുള്ള ഈ ഡിപ്പാർട്ടുമെൻറ് വേണ്ടവിധം സുസംഘടിതമായി പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്ന ഒരു പരാതി തൊഴിലാളി ലോകത്തിലുണ്ടു്. അതിനു് പല കാരണങ്ങളും ഉണ്ടു്. ഫാക്ടറി തൊഴിലാളികളെ സംഘടിച്ചിടത്തോളമാണെങ്കിൽ വലിയ വലിയ ടെണ്ടുകളിലും മറ്റും ഉള്ള തൊഴിലാളികൾക്കാണെങ്കിൽ ഗവൺമെണ്ടിൻറെ സമക്ഷം വന്നു് വേണ്ടവിധത്തിൽ അധികാരികളെ കാണുന്നതിനും അവരുടെ പരാതികൾക്കു് വേണ്ടവിധത്തിൽ ഉടനെ സമാധാനം ഉണ്ടാക്കുന്നതിനും സാധിക്കുന്നതാണു്. എന്നാൽ തൊഴിലാളി ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തൊഴിലാളി വിഭാഗമായ തോട്ടം തൊഴിലാളികൾക്കു് അതു് സാധിക്കുന്നതല്ല. ഈ തോട്ടം തൊഴിലാളികളുടെ ഇന്നത്തെ ആവശ്യത്തെപ്പറ്റി പറയുകയാണെങ്കിൽ അവർ ഏറ്റവും ശോചനീയമായ ഒരു നിലയിലാണു് ഇന്നു എത്തിച്ചേർന്നിരിക്കുന്നതു്. തിരുവിതാംകൂറിൽ എത്തെല്ലാം സ്ഥലങ്ങളിൽ തോട്ടങ്ങളുണ്ടോ ആ തോട്ടങ്ങളിലെല്ലാംകൂടി എത്ര തൊഴിലാളികൾ പ്രവർത്തിച്ചുപോരുന്നുണ്ടോ അവക്കു ഈ ഡിപ്പാർട്ടുമെണ്ടുകൊണ്ടു് വല്ല ഗുണങ്ങളും ഉണ്ടാകുന്നുണ്ടോ, വല്ല സൌകര്യങ്ങളും ഉണ്ടാകുന്നുണ്ടോ എന്നുള്ള സംഗതിയെ സംബന്ധിച്ചു് നോക്കുന്നപക്ഷം അതിനെ സംബന്ധിച്ചു് ഗവൺമെണ്ടിൻറെ ഇതേവരെയുള്ള റിക്കാർഡുകൾ വളരെ വളരെ ശോചനീയമായിരിക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല. സർ, ബഹുമാനപ്പെട്ട ഫൈനാൻസു് മിനിസ്റ്ററുടെ പ്രസംഗത്തിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Pachu Pillai]

ലേബറിനെ സംബന്ധിച്ചുള്ള ഭാഗത്തു പറയുന്ന ഒരു ലൈനിലേയ്ക്ക് ബഹുമാനപ്പെട്ട ഈ സഭയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

"Generally speaking the relation between capital and labour during the period under review has been cordial".

ഇതു് ഏറ്റവും സങ്കടമുദിക്കുന്ന ഒരു വാചകമാണെന്നു് പറയാതെ നിവർത്തിയില്ല. സർ, ഒന്നാംലോകമഹായുദ്ധം കഴിഞ്ഞപ്പോൾ "ഓൾ കയറ്റ് ഇൻ ദി വെസ്റ്റേൺ ഫ്രണ്ട്" (All quiet in the Western Front) എന്ന ഗ്രന്ഥത്തിൽ ആ ഗ്രന്ഥകാരൻ എഴുതിയതു പോലെ ഈ ഒരു ഭാഗം വായിച്ചാൽ കാണാം ഇവിടെയെല്ലാം സുഖസന്തോഷകരമായിരിക്കുന്നു, പറയത്തക്ക യാതൊരു തർക്കങ്ങളും മുതലാളികളും, തൊഴിലാളികളും ഒന്നുമില്ലാതിരിക്കുന്നു എന്നു്. ഈ ഒരു അർത്ഥം വരത്തക്കവിധത്തിലാണു് അദ്ദേഹം ഒരു വാചകം എഴുതി സംതൃപ്തിപൂണ്ടു കാണുന്നതു്. എന്നാൽ ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെന്റിന്റെ നയം, തൊഴിലാളികളുടെ നേക്കുള്ള മുതലാളികളുടെ നയം, തൊഴിലാളികളുടെ ദയനീയമായ നില ഇവകളെ സംബന്ധിച്ചുനോക്കുകയാണെങ്കിൽ മുയലിന്റെ കൂടെ ഓടയോടുന്ന പോലെയുള്ള ഒരു നയമാണു് ലേബറിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നതെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. സർ, നിസ്സംശയമായവിധത്തിൽ, തൊഴിലാളികൾക്കു് ഉപകാരം ഉണ്ടാകത്തക്കവിധത്തിൽ ഇവിടെ ഉണ്ടാക്കപ്പെട്ടിരിക്കുന്ന നിയമങ്ങൾ, നിത്യവും പ്രവർത്തിച്ചുകൊണ്ടിരിക്കണമെന്നു് ആത്മാർത്ഥമായ ബോധത്തോടുകൂടി എത്രയെല്ലാം നിയമങ്ങളാണു് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതു്? തൊഴിലാളികൾക്കു് ഉണ്ടാകുന്ന ഉപദ്രവങ്ങളെ തടയുന്നതിനോ അവരുടെ അവശതകളേയും അസൗകര്യങ്ങളേയും കണ്ടുപിടിച്ചു് അവക്കു് വേണ്ട രക്ഷചെയ്തുകൊടുക്കുന്നതിനോ ശരിയായ ഒരു അന്വേഷണ ആഫീസർ ഇവിടെയില്ലെന്നു് വിശേഷിച്ചു് തോട്ടം തൊഴിലാളികളോടു് ഏറ്റവും അടുത്ത സമ്പർക്കം പുലർത്തിക്കൊണ്ടിരിക്കുന്ന എനിക്കു് സംശയരഹിതമായി പറയുവാൻ സാധിക്കും. സർ, കഴിഞ്ഞ വർഷത്തിൽ പീരുമേട്ടു്, റാന്നി, ദേവികുളം, തൊടുപുഴ മുതലായ തോട്ടങ്ങളിൽ അനേകം തൊഴിലാളിത്തർക്കങ്ങൾ ഉണ്ടായിട്ടുണ്ടു്. ശരിയായ ടെയിഡു് യൂണിയൻ പ്രവർത്തനം അവിടെയില്ല. വർക്സു് കമ്മിറ്റി എന്നൊരു കമ്മിറ്റി അവിടെ ഉണ്ടെങ്കിലും കമ്മറ്റികളെയെല്ലാം മുതലാളികളുടെ ആൾക്കാരെക്കൊണ്ടു നിറച്ചിരിക്കുകയാണു് എന്നല്ലാതെ തൊഴിലാളികളുടെ പ്രതിനിധികൾ പക്ഷത്തിയും മുതലാളിയുടെ പ്രതിനിധികൾ പക്ഷത്തിയും വർക്സു് കമ്മിറ്റിയിൽ വേണം എന്ന ഒരു കണക്കു് അവിടെയില്ല. വർക്സു് കമ്മിറ്റിയെ സംബന്ധിച്ചു ശരിയായ ഒരു പ്രവർത്തനം അവിടെയില്ല. അവിടെ ടെയിഡു് യൂണിയൻ പ്രവർത്തനം നടത്തുന്നതിനു പ്രബുദ്ധരായ ഏതെങ്കിലും തൊഴിലാളികൾ ആരംഭിക്കുന്നപക്ഷം സാധാരണയായി കണ്ടുവരുന്നതുപോലെ മറുകായ്ങ്ങൾ പറഞ്ഞു് അവരെ അവിടെനിന്നു പുറന്തള്ളുകയാണു് ചെയ്യുന്നതു്. സർ, ഇരുപത്തഞ്ചു മുപ്പതു കൊല്ലക്കാലമായിട്ടു് അഹോരാത്രം പണിയെടുത്തുകൊണ്ടു് ഈ തോട്ടത്തിൽ ജീവിച്ചിരുന്നതായ തൊഴിലാളികൾ, അവരുടെ സർവ്വജീവിതവും തോട്ടത്തിന്റെ അഭിവൃദ്ധിക്കായി ചിലവഴിച്ചിട്ടു മാംസം കൂടാതെ വെറും ചണ്ടി മാത്രമായിത്തീർന്നിരിക്കുന്ന ശരീരത്തെ അവലംബിച്ചുകൊണ്ടു് ഇഴഞ്ഞിഴഞ്ഞു തോട്ടം വിട്ടു പോകുന്ന കാഴ്ച, അനുദിനം ഞങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. അങ്ങിനെയുള്ളവർക്കു യാതൊരു രക്ഷാവ്യവസ്ഥയും ടെയിഡു യൂണിയൻ നിയമത്തിലില്ല. എങ്കിലും അവരെ ഇന്നു സംഘടിതമായ പ്രവർത്തനത്തിനു് അനുവദിക്കുന്നില്ല എന്നു പറയാതെ നിവൃത്തിയില്ല. കോൺഗ്രസ്സിന്റെ അവകാശിയും മഹാത്മാ ഗാന്ധിയുടെ അനുഗാമിയും എന്നു് അവകാശപ്പെടുന്ന ഇന്നത്തെ ഇവിടത്തെ കോൺഗ്രസ്സു് ഗവണ്മെണ്ടു് ഈ ഒരു സംഗതിയിൽ എന്തുകൊണ്ടു വേണ്ടപോലെ ശ്രദ്ധിക്കുന്നില്ലെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. കോൺഗ്രസ്സിന്റെ രക്ഷാകവചം എന്നറിയപ്പെടുന്ന മഹാത്മാ ഗാന്ധിയുടെ ഈ ഒരൊറ്റ വചനത്തിലേയ്ക്കു് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. "നിങ്ങൾ സംശയാധീനനാവുമ്പോഴോ അല്ലെങ്കിൽ നിങ്ങളുടെ ചിന്ത സ്വാർത്ഥധിലമാകുമ്പോഴോ താഴെ പറയുന്നതു് ഒന്നു പരീക്ഷിച്ചുനോക്കുക. നിങ്ങൾ കണ്ടിട്ടുള്ള ഏറ്റവും ദരിദ്രനും നിരാലംബനുമായ ഒരു മനുഷ്യന്റെ മുഖം ഓർമ്മിച്ചുകൊണ്ടു് നിങ്ങൾ വിചാരിച്ചുകൊണ്ടിരിക്കുന്ന കർമ്മം അയാൾക്കു് എത്രമാത്രം ഗുണകരമായിരിക്കുമെന്നു സ്വയം ചോദിക്കുക. പ്രവൃത്തികൊണ്ടു് അയാൾക്കെന്തെങ്കിലും ഗുണം സിദ്ധിക്കുമോ, മറ്റൊരുവിധത്തിൽ പറഞ്ഞാൽ നിങ്ങളുടെ ആ കർമ്മം വയറുവിശക്കുന്നവരും ആധ്യാത്മികമായി വരുതിയനുഭവിക്കുന്നവരുമായ അനേകലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

സഹോദരങ്ങളെ സ്വരാജിലേയ്ക്കോ അഥവാ സ്വയംഭരണത്തിലേയ്ക്കോ നയിക്കുമോ, എങ്കിൽ നിങ്ങളുടെ സംശയവും നിങ്ങളുടെ അഹന്തയും ഉരുകിപ്പോകുന്നതു കാണാറാകും. ഞാൻ നിങ്ങൾക്കു് ഈ രക്ഷാകവചം നൽകുന്നു."

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതു പുസ്തകത്തിൽനിന്നാണു് വായിച്ചതു്?

ശ്രീ. എ. കെ. പാച്ചുപിള്ള: അദ്ദേഹം നിമ്മലകുമാർ ബോസിനു് അയച്ചുകൊടുത്തതും, സേവാഗ്രാമത്തിൽവച്ചു കൂടിയ ഇക്കഴിഞ്ഞ ലോകസമാധാനസമ്മേളനത്തിൽ വായിക്കപ്പെട്ടതുമായ ഒരു സന്ദേശത്തിലാണു് ഇതു പറഞ്ഞിരിക്കുന്നതു്.

അങ്ങിനെ വേണ്ടവിധത്തിൽ ടെയിഡ് യൂണിയൻ പ്രവർത്തനം നടത്തുന്നതിനുകൂടി സമ്മതിക്കാത്ത അവിടങ്ങളിലെ തൊഴിലാളികളുടെ അവശതകളും എന്തെല്ലാമാണു്, അവരുടെ ഉത്തമതാല്പര്യങ്ങളും എന്തെല്ലാമാണു് എന്നു ഗവണ്മെണ്ടു പ്രതിനിധികളും പോയി അന്വേഷിച്ചാൽ മുതലാളികളും എന്തെങ്കിലും കാരണം പറഞ്ഞു് അവരുടെ ഇഷ്ടംപോലെ വെളിക്കു വിടുന്ന ആളുകളെ അവിടെ തിരിയെ ജോലിക്കെടുക്കുന്നതിനും അവരുടെ ജോലിക്കാവശ്യമായ രക്ഷാവ്യവസ്ഥകളും ഉണ്ടാക്കുന്നതിനും ഇന്നു നിലവിലിരിക്കുന്ന നിയമത്തിൽ ഒരു വകുപ്പുകൂടി ചേർക്കാവുന്നതുമാണു്. ഫാക്ടറി—നിയമം വഴിഞ്ഞുകയിഞ്ഞാൻ മുമ്പു പ്രസ്താവിച്ചുപോലെ ഈ തോട്ടത്തിൽ സകലപ്രയത്നവും ചെയ്തു് തോട്ടത്തിന്റെ അഭിവൃദ്ധിക്കു് ഉത്തരവാദികളായ സാധുക്കളായ തൊഴിലാളികളെ വെറുതെ പുറംതള്ളുന്നതു വളരെ സങ്കടകരമായ ഒരവസ്ഥയല്ലെ എന്നു നിങ്ങൾ ഒന്നാലോചിച്ചുനോക്കണം. അതുകൊണ്ടു മുതലാളിമാരിൽനിന്നു് ഈവിധത്തിൽ വളരെ അവശതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ തൊഴിലാളികൾക്കു് ആവശ്യമായ രക്ഷാവ്യവസ്ഥകൾ ഏർപ്പെടുത്തുകയും അവരുടെ കഷ്ടതകൾക്കു് ഒരു പരിഹാരമുണ്ടാക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്.

ഈവക രക്ഷാവ്യവസ്ഥകളും ആവശ്യമാണെങ്കിലും ആഹാരകാര്യത്തിലാണു് അവർക്കു് ആദ്യമായി രക്ഷകിട്ടേണ്ടിയിരിക്കുന്നതു്. ഒരുലക്ഷം മുതൽ രണ്ടുലക്ഷം വരെയുള്ള ഈ തോട്ടം തൊഴിലാളികളിൽ ഒരൊറ്റ ആൾക്കെങ്കിലും ഇതേവരെ റേഷൻ കാർഡു കൊടുത്തിട്ടില്ല. ഈ റേഷൻ കാർഡു കൊടുക്കാതിരിക്കുന്നതിന്റെ കാരണം, അതിലെ രഹസ്യം, എന്താണു്? തോട്ടത്തിന്റെ ഏക്കറേജനുസരിച്ചു ഗവണ്മെണ്ടു റേഷൻ കൊടുക്കുന്നുണ്ടു്. എന്നാൽ തോട്ടമുടമസ്ഥന്മാർ അവർക്കു ഇഷ്ടമുള്ള ആൾക്കേ റേഷൻ കൊടുക്കുകയുള്ളൂ. തോട്ടം തൊഴിലാളികളിൽ ആരോടെങ്കിലും തോട്ടമുടമസ്ഥനു വിരോധമുണ്ടെങ്കിൽ അടുത്ത ആഴ്ചയിൽ അവനു് അരി നിഷേധിക്കുന്നു. ഇങ്ങിനെയാകുമ്പോൾ തോട്ടമുടമസ്ഥന്മാരുടെ ഏകപക്ഷവും സഹിച്ചു് അവർ അവിടെ താമസിക്കേണ്ടിവരും. അതുകൊണ്ടു തോട്ടം തൊഴിലാളികൾക്കു് മാരോരുത്തക്കും തോട്ടത്തിൽ ഇരിക്കുന്നിടത്തോളം കാലം അതാതു താലൂക്കുകച്ചേരിയിൽ പേരു രജിസ്റ്റർചെയ്തു് അവർക്കു റേഷൻ കാർഡു കൊടുക്കണം. അവരുടെ അരി യാതൊരുകാരണവശാലും നിഷേധിക്കുവാൻ പാടില്ല. ഒരു തോട്ടത്തിലേയ്ക്കു് ഇത്രചാക്കു് അരി എന്നു നിശ്ചയിച്ചു് തോട്ടമുടമസ്ഥന്മാരെ എല്പിക്കുന്നതുകൊണ്ടു മുതലാളികൾ അവർക്കിഷ്ടമുള്ളവർക്കു കൊടുക്കുകയും ഇഷ്ടമില്ലാത്തവർക്കു കൊടുക്കാതിരിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് ഇന്നത്തെ രീതി മാറ്റി എല്ലാ തോട്ടങ്ങളിലേയും തൊഴിലാളികൾക്കു പ്രത്യേകം പ്രത്യേകം റേഷൻ കാർഡു് അനുവദിച്ചുകൊടുക്കേണ്ടതാണു്. അതല്ലെങ്കിൽ ഇന്നത്തെ ഏർപ്പാടു് അവരോടു ചെയ്യുന്ന ഒരു വലിയ കഷ്ടമായിരിക്കും.

പിന്നെ ഒന്നു് എനിക്കു പറയുവാനുള്ളതു് ലേബർ ബ്യൂറോ എന്ന ഒരു പ്രസ്ഥാനം ഇവിടെ ആരംഭിക്കേണ്ടതു് ഏറ്റവും വലിയ ആവശ്യമാണു് എന്നാണു്. തൊഴിലാളികളുടെ കാര്യങ്ങളെപ്പറ്റിയുള്ള വിവരങ്ങളെല്ലാം ഈ ലേബർ ബ്യൂറോ ശേഖരിച്ചു ഗവണ്മെണ്ടിനു് അറിവുതരണം. ലേബർ സംബന്ധമായിട്ടുള്ള ഏതു കാര്യങ്ങളെപ്പറ്റിയും അതായതു് ഇന്നയിന്ന തൊഴിലാളികൾക്കു് ഇന്നയിന്ന അവശതകളുണ്ടു്; അതിനു് ഇന്നയിന്ന പ്രതിവിധികളുണ്ടു്; അതിനു് ഇന്നയിന്ന കാര്യങ്ങൾ സ്വീകരിച്ചാൽ നന്നായിരിക്കും എന്നും മറ്റുമുള്ള എല്ലാ വിവരങ്ങളും ഗവണ്മെണ്ടിനു കിട്ടുന്നതാണു്. അതുവച്ചുകൊണ്ടു ഗവണ്മെണ്ടിനു് ഈ തൊഴിൽത്തർക്കങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ സാധിക്കുന്നതാണു്. അതുകൊണ്ടു് ഒരു ലേബർ ബ്യൂറോ ഉണ്ടാക്കുന്നതിനു വേണ്ട പ്രവൃത്തി ഗവണ്മെണ്ടു് ഉടനെ നടത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. കൂടാതെ എല്ലാ ലേബർ നിയമങ്ങളേയും ക്രോഡീകരിച്ചുള്ള ഒരു ലേബർ കോഡും നിർമ്മിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. ഉദയഭാനു: സർ, ഫൈനാൻസ് മിനിസ്റ്ററുടെ ബഡ്ജറ്റ പ്രസംഗത്തിൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തുണ്ടായിട്ടുള്ള നേട്ടങ്ങളെപ്പറ്റി അദ്ദേഹം അഭിമാനപൂർവ്വം പ്രസ്താവിച്ചിട്ടുണ്ട്. തൊഴിലാളിനിയമങ്ങൾ വളരെ ഉണ്ടാക്കുന്നതിനുള്ള ഭാഗ്യം ഈ സംസ്ഥാനത്തിനുണ്ടായിട്ടുണ്ടെന്നുള്ളതു സമ്മതിക്കാമെങ്കിലും ഈ രാജ്യത്തെ തൊഴിലാളികൾ വളരെ അസംതൃപ്തരായിട്ടാണ് കഴിയുന്നതെന്നുള്ളതു മൈനന്റി നമെന്നപോലെ ഓരോ സ്ഥലത്തും ഉണ്ടാകുന്ന പണിമുടക്കുകളെ സംബന്ധിക്കുന്ന വാർത്തകളും, അതിനെ സംബന്ധിക്കുന്ന പ്രകടനങ്ങളും നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ തൊഴിലാളിലോകത്തിന്റെ രക്ഷയ്ക്ക് ഉതകുന്ന ഒട്ടുവളരെ നിയമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ആ നിയമങ്ങളിൽ പലതും നിശ്ശേഷനങ്ങളായികിടക്കുകയാണെന്നും അതുകൊണ്ടു ഉണ്ടെന്നു വിചാരിക്കുന്ന സൗകര്യങ്ങൾ, ആനുകൂല്യങ്ങൾ അവർക്കു ലഭിക്കുന്നില്ലെന്നും ഇവിടെ പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽ കേസു ഫയൽചെയ്തതിനുശേഷം, നിയമവിരോധമായിട്ടുള്ള രീതിയിൽ ഫാക്ടറികൾ പ്രവർത്തിക്കുന്നു. ഉദാഹരണമായിട്ട് അലൈഡ് ഇൻഡസ്ട്രീസ് എന്ന സ്ഥലത്തു് ഇന്നും നിയമവിരോധമായ ലാക്കൗട്ട് ഭാഗികമായിട്ടു നടക്കുന്നുണ്ടെന്നാണ് ഞാൻ അറിയുന്നതു്. ഇങ്ങനെയുള്ള നടപടികളിൽ സത്വരനടപടികളെടുക്കുവാൻ ഗവർമ്മെണ്ടിനു കഴിയേണ്ടതാണ്. തൊഴിലാളികൾക്ക് അവരുടെ സംഘടിതശക്തിയെപ്പറ്റി ബോധമുണ്ടാകുന്ന ആദ്യസന്ദർഭത്തിൽ സംഘട്ടനത്തിനുള്ള സാദ്ധ്യതകളുണ്ട്. വ്യവസായ ഉടമസ്ഥർ സംഘടിക്കുന്ന തൊഴിലാളികളെ അകറ്റിനിറുത്തുവാൻ ശ്രമിക്കാതെ ട്രെയിഡു യൂണിയൻ പ്രസ്ഥാനവും collective bargaining വ്യവസായസമാധാനത്തിനു നിദാനമായി വ്യവസായ ഉടമസ്ഥർ സ്വാഗതംചെയ്യേണ്ടതാണ്. ഇന്നത്തെ അധികം സംഘട്ടനങ്ങളുടേയും കാര്യം നോക്കിയാൽ അതു വ്യവസായ ഉടമസ്ഥന്മാരായിട്ടുള്ളവർ മുഖാന്തരയില്ലാതെ പെരുമാറുന്നതിൽനിന്നും ഉണ്ടാകുന്നതാണെന്നു കാണാം. തൊഴിലാളിപ്രസ്ഥാനത്തിലേയ്ക്കു വരുന്ന അധികമാളുകളും ഇന്നു കൗമാരദശയിലെ (Adolescent) ചാപല്യങ്ങൾക്കു വശംവദരായിത്തീരുന്നതുകൊണ്ടാണ് പണിമുടക്കം ഉണ്ടാകുന്നതെന്നു പറയാറുണ്ട്. എന്നാൽ വ്യവസായ ഉടമസ്ഥന്മാരുടെ ഭാവനാശൂന്യതയാണ് പല സംഘട്ടനങ്ങൾക്കും കാരണം. ഇന്നു തൊഴിലാളിനിയമങ്ങളിൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിനു മുതലാളികൾ വിസമ്മതിക്കുന്നപക്ഷം, മുതലാളികൾ തൊഴിലാളികളെ ദ്രോഹിക്കുന്നപക്ഷം, അതിനേൽ ഗവർമ്മെണ്ടു സത്വരമായ നടപടി എടുക്കാത്തതുമൂലം അതു കുഴപ്പത്തിലേയ്ക്കു കടക്കുകയാണ് എന്നാണ് ഞാൻ പറയുന്നതു്.

കഴിഞ്ഞദിവസം ഞാൻ ആലപ്പുഴെ ചെന്നിരുന്നപ്പോൾ കേട്ട, ഫാക്ടറി ഇൻസ്പെക്ഷൻസിന്റെ കാര്യം ശരിയായിൽ നോട്ടിഫൈചെയ്യാത്തതുകൊണ്ടു ഫാക്ടറി ഇൻസ്പെക്ഷൻസിനു് പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല എന്നു്. അതുപോലെ അവിടെ തുറമുഖത്തൊഴിലാളികളെ സംബന്ധിച്ചാണെങ്കിൽ ഒരു ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടുണ്ട്. അവർക്കു ശരിയായ കൂലി കൊടുക്കുന്നില്ല. അതിൽനിന്നും കുറെപ്പേരെ പിരിച്ചുവിട്ടതു യാതൊരു നോട്ടീസുമില്ലാതെയാണ്. അവരെ ജോലിക്കു തിരിച്ചെടുക്കുന്ന കാര്യത്തിൽ യാതൊരു വ്യവസ്ഥയും ഇല്ലാതെയാണിരിക്കുന്നതു്. പൊതുവെ ഇന്നത്തെ ലേബർ ഡിപ്പാർട്ടുമെന്റിനു യാതൊരുവിധമായ പ്രവൃത്തികളും തൊഴിലാളികൾക്കു ചെയ്തുകൊടുക്കുവാൻ സാധിക്കുകയില്ല എന്നാണ് തൊഴിലാളികൾ പറയുന്നതു്.

ബഡ്ജറ്റു പ്രസംഗത്തിൽതന്നെ പറയുന്നു, സ്ത്രീകളായ തൊഴിലാളികൾക്കു പ്രസവകാലാവധിക്ക് അവരുടെ ശമ്പളത്തോടുകൂടിയ അവധി അനുവദിച്ചുകൊടുക്കുമെന്ന്. എന്നാൽ ആലപ്പുഴ മുനിസിപ്പലിറ്റിയിലെ തൊഴിലാളികൾക്കു പ്രസവകാലാവധി ഒരു മാസം മുനിസിപ്പാലിറ്റി ശുപാർശചെയ്തതിനെ ഗവർമ്മെണ്ട് അനുവദിച്ചുകൊടുത്തിട്ടില്ലെന്നു മാത്രവുമല്ല, അതിനെ പതിനഞ്ചുദിവസമായി വെട്ടിക്കുറയ്ക്കുകയുമാണ് ചെയ്തിരിക്കുന്നതു്. അതു വാസ്തവമെങ്കിൽ അപമാനകരമാണ്. അതുപോലെതന്നെ മറ്റൊരു സംഗതി എനിക്കു പറയുവാനുള്ളതു്, ട്രെയിഡു യൂണിയൻ റജിസ്റ്റർചെയ്യുന്ന കാര്യത്തിൽ നേരിട്ടിട്ടുള്ള കുഴപ്പങ്ങളേയും താമസങ്ങളേയും പറ്റിയാണ്. ട്രെയിഡു യൂണിയനിൽ പലമാതിരിയുള്ള കക്ഷികളും പ്രവർത്തിക്കുന്നുണ്ടായിരിക്കും. എന്നാൽ ഏതുതരം കക്ഷിയാണ് ട്രെയിഡു യൂണിയനിൽ പ്രവർത്തിക്കുന്നതെന്നു നോക്കേണ്ടയാവശ്യം ഗവർമ്മെണ്ടിനില്ല. ഒരു ട്രെയിഡു യൂണിയന്റെ പ്രവർത്തനം നിയമാനുസൃതമാണോ എന്നു നോക്കേണ്ടകാര്യം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെണ്ടിനുള്ള. പണിയെടുക്കുന്നവർക്ക് സംഘടിക്കുവാനുള്ള സ്വാതന്ത്ര്യത്തിന്റെമേലുള്ള കയ്യേറ്റമായിരിക്കും മറ്റേതു വിവേചനവും.

അതുപോലെതന്നെ ലേബർ ഡിപ്പാർട്ടുമെന്റിനെ ഒരു പ്രത്യേകവകുപ്പിൽ ജോലിചെയ്യുന്ന ആളുകളെ അവിടെനിന്നും മാറ്റി മറ്റൊരു ഡിപ്പാർട്ടുമെന്റിൽ കൊണ്ടുപോകുന്നതു കൊണ്ടു കാര്യക്ഷമമായ കൃത്യനിർവ്വഹണത്തിനു ഹാനി സംഭവിക്കുന്നു. ഒരു ഡിപ്പാർട്ടുമെന്റിൽ തഴക്കവും പഴക്കവുമുള്ള ഒരു വ്യക്തിയെ മറ്റൊരു ഡിപ്പാർട്ടുമെന്റിൽ മാറ്റുന്നകാര്യം വളരെ ആലോചിച്ചുവേണം ചെയ്യേണ്ടതു്. ഉദാഹരണമായി പറയുകയാണെങ്കിൽ, മുൻപിലത്തെ ലേബർ കമ്മീഷണരെ ഗവണ്മെന്റു സെക്രട്ടറിയായിട്ടു് മാറ്റി. പക്ഷെ, അദ്ദേഹത്തെ ലേബർ സംബന്ധിച്ചു ഡിപ്പാർട്ടുമെന്റുകളുടെ ചാർജ്ജു വഹിക്കുന്ന സെക്രട്ടറിയാക്കിയിരിക്കുകയാണെന്നുള്ളതു ആശ്ചര്യാസകരമാണു്. പകരം ഒരു "ആക്ടിംഗ് കമ്മീഷണരല്ല" "ഇൻ ചാർജാ"ണു്. അദ്ദേഹത്തെ തന്നെ പ്രത്യേകപരിശീലനത്തിനായി അമേരിക്കയിലേയ്ക്കും ഇംഗ്ലണ്ടിലേയ്ക്കും അയയ്ക്കുകയും ആ വകയ്ക്കു ഗവണ്മെന്റിൽനിന്നു ഏകദേശം നാലിലൊന്നു ലക്ഷം രൂപയോളം ചെലവാക്കുകയും ചെയ്തു. അദ്ദേഹത്തെ 'ഇൻചാർജായി' വച്ചുകൊണ്ടിരിക്കുന്നതു എന്തിനാണു? അദ്ദേഹത്തെ ഇങ്ങനെ ഇട്ടിരിക്കുന്നതുകൊണ്ടു 'വർക്കുമെൻസു കാംപൻസേഷൻ' മുതലായ നിയമങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം ഇല്ലാതാണിരിക്കുന്നതു്. ഇതു ആക്ഷേപകരമാണു്. അതുപോലെ വർക്കുമെൻസു കാംപൻസേഷൻ കമ്മീഷണർമാരായി ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാരെ നിശ്ചയിക്കുവാൻ പോകുന്നതായി കേട്ടു. അതു ശരിയാണെങ്കിൽ, അബദ്ധമാണു്. ധാരാളം ജോലിത്തിരക്കുള്ളവരും തൊഴിലാളിനിയമങ്ങളേയും, തൊഴിലാളിപ്രസ്ഥാനത്തെയുംപ്പറ്റി വിവരമില്ലാത്തവരുമായ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർ ഇതു കൈകാര്യം ചെയ്യുൽ കഴയും. കേവലം ഒരു ന്യായാധിപൻ എന്ന നിലയിലല്ല, ഇതിൽ വർക്കുമെൻസു കാംപൻസേഷൻ കമ്മീഷണർ പ്രവർത്തിക്കേണ്ടതു്. കുറെ സഹതാപത്തോടുകൂടെ പ്രവർത്തിക്കേണ്ടതാണു്. ഇവിടെ ഇപ്പോൾ ലേബർ കമ്മീഷണർ ആണു്. അദ്ദേഹം മതിയാകയില്ലെങ്കിൽ അസിസ്റ്റണ്ടു് ലേബർ കമ്മീഷണേഴ്സിനെ അതിനു ചുമതലപ്പെടുത്താവുന്നതാണു്. തൊഴിലാളി പ്രസ്ഥാനം സംബന്ധിച്ചു് ഒരു പശ്ചാത്തലമുള്ള വ്യക്തികളാണു് ഇതിൽ വരേണ്ടതു്.

ശ്രീ. എം. ആർ. വേലപ്പൻ: തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കോൺഗ്രസ് ഗവണ്മെന്റിന്റെ നയം ഒട്ടും ആശാവഹമല്ലെന്നു് ചൂണ്ടിക്കാണിക്കാനാണു് ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ ഹാജരാക്കുന്നതു്.

Mr. Speaker: Are you speaking on the motion already before the House?

Sri. M. R. Velappan: Yes, Sir. I am supporting the motion.

തൊഴിലാളികളെ ഉണർപ്പെടുത്തുന്നതിനും പരോശമിപ്പിക്കുന്നതിനുമായി അനവധി നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തു് നിലവിലുണ്ടു്. ഇൻഡ്യയുടെ മറ്റു ഏതു പ്രവിശ്യയിലെക്കാളും കൂടുതൽ നിയമങ്ങൾ ഇവിടെ ഉണ്ടെന്നു് നമുക്കു് അഭിമാനിക്കയും, അവ തൊഴിലാളികളുടെ അവശതകളെ ദൂരീകരിക്കുന്നതിനു് ഉപകരിക്കുമെന്നു് അനുമാനിക്കയും ചെയ്യുന്നതിൽ കവിഞ്ഞു് യാതൊരു മേന്മയും ഗവണ്മെന്റിൽനിന്നു് അവർക്കു ഉണ്ടായിട്ടില്ലെന്നു് പറയുന്നതു് അതിശയോക്തിയാണെന്നു് വിചാരിക്കരുതെന്നു് എനിക്കൊരപേക്ഷയുണ്ടു്. ഇവിടെ നിലവിലിരിക്കുന്ന നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനു് ഗവണ്മെന്റു് വളരെ അലസത കാണിക്കുന്നുവെന്നു് പറയാതിരിക്കാൻ നിവർത്തിയില്ല. കൊച്ചിയിൽ സംയോജനത്തിനുമുമ്പു് കുറഞ്ഞകൂലി എന്താണെന്നു നിജപ്പെടുത്തുന്നതിനു് ഒരു നിയമം ഉണ്ടാക്കി. എന്നാൽ ഇവിടത്തെ കോൺഗ്രസ് നേതാക്കന്മാർ ഈവക സംഗതികളെപ്പറ്റി, അതായതു് കുറഞ്ഞകൂലി നിരക്കു് ഒരു തൊഴിലാളിക്കു് എന്തു കിട്ടണമെന്നുള്ളതിനെപ്പറ്റിയും മറ്റും പ്രസംഗം നടത്തിയിട്ടുള്ളതല്ലാതെ നടപ്പിൽ വരുത്താൻ ശ്രമിച്ചിട്ടില്ല. പൊതു മുതലിൽനിന്നും അനവധി പണം ചിലവുചെയ്തുകൊണ്ടു നിയമനിർമ്മാണം ചെയ്തു ഇവിടത്തെ നിയമഭണ്ഡാഗാരം പോഷിപ്പിച്ചിട്ടുതല്ലാതെ തൊഴിലാളികൾക്കു് അവകൊണ്ടു പറയത്തക്ക ഗുണമൊന്നും ഉണ്ടായിട്ടില്ല. തൊഴിലാളികളെ സമാധാനപ്പെടുത്തുന്നതുകൊണ്ടുമാത്രമേ ഭാരതത്തിനു സൈരമുണ്ടാവുകയുള്ളു. സർ, തൊഴിലാളികൾ എന്നു പറഞ്ഞാൽ തന്നെ കായികശക്തിയുള്ളവർ എന്നു് അർത്ഥമാണു്. മാത്രവുമല്ല മനശ്ശക്തിയും സഹനശക്തിയുംകൂടി ഇവർക്കുണ്ടു്. രാജ്യക്ഷേമത്തിനു് ഉപയോഗപ്രദമായ ഈവിധ ശക്തികളെ സംഭരിച്ചു സംരക്ഷിക്കേണ്ടതു് രാജ്യത്തിന്റെ ചുമതലയാണു്. ഈ സംരക്ഷണകൃത്യത്തിൽ

[Sri M. R. Velappan]

വിലോപം വരുത്തുന്ന യാതൊരു ഗവണ്മെൻറും വിജയിക്കുവാൻ പോകുന്നില്ല. തൊഴിലാളികളുടെ അവകാശത്തേയും അവശതയേയും സംരക്ഷിക്കാതെ അവഗണിച്ചാൽ എത്ര ശതാബ്ദംകൊണ്ടാണ് ഭാരതം നന്നാകാൻ പോകുന്നതെന്നു് ഞാൻ ചോദിക്കുന്നു. കൊച്ചി തിരുവിതാംകൂർ സംസ്ഥാനം ഭാരതത്തിൻറെ അവിഭാജ്യമായ ഒരു ഘടകമാണെന്നു് പലരും പ്രസ്താവിക്കുന്നുണ്ടു്. എന്നാൽ കൊച്ചി തിരുവിതാംകൂറിൻറെ മാത്രമല്ല, ഭാരതത്തിൻറെ തന്നെയും അവിഭാജ്യഘടകമാണു് തൊഴിലാളികൾ. തൊഴിലാളികൾ ഒരു രാജ്യത്തിലെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകമാണു്. സാമ്പത്തികമായി ഒരു രാജ്യം പുരോഗമിക്കണമെങ്കിൽ തൊഴിലാളികളില്ലാതെ സാദ്ധ്യമല്ല. പാശ്ചാത്യരാജ്യങ്ങൾ സാമ്പത്തികമായി പുരോഗമിച്ചിട്ടുള്ളതു് തൊഴിലാളികളുടെ അക്ഷീണപരിശ്രമത്തിൻറെ ഫലമായിട്ടാണു്. ഇത്രത്തോളം പ്രാധാന്യമർഹിക്കുന്ന തൊഴിലാളികളുടെ കാര്യം ഒരു കാരണവശാലും അവഗണിക്കുന്നതു് രാജ്യക്ഷേമകരമല്ല. അവരുടെ ന്യായമായ എല്ലാ അവകാശങ്ങളേയും സംരക്ഷിക്കേണ്ടതു് ഗവണ്മെൻറിൻറെ കടമയാണു്. നമ്മുടെ സംസ്ഥാനത്താകട്ടെ തൊഴിലാളികളെപ്പറ്റി ഉണ്ടാക്കിയിരിക്കുന്ന നിയമങ്ങൾ പല കാരണവശാലും അവക്കു് അനുയോജ്യമല്ലെന്നുള്ള കാരണത്താൽ അവയെ അവഗണിച്ചു് സ്ട്രൈക്കു് നടത്തുകയാണെങ്കിൽ അടിച്ചമർത്താൻ ഗവണ്മെൻറു് സർവ്വശക്തികളും പ്രയോഗിക്കുന്നു. മുതലാളിമാരും ഗവണ്മെൻറുമായുള്ള അടുപ്പത്തിലാണു് ഈ കുഴപ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. സർ, ഏകദേശം ൨. ൦ ൦ ൦ തൊഴിലാളികളുള്ള അഴകുപ്പാ ടെക്സ്റ്റയിൽസ് ഫാക്ടറിയിൽ മുതലാളിയും തൊഴിലാളികളും തമ്മിലുണ്ടായ ഒരു സംഘട്ടനംനിമിത്തം കഴിഞ്ഞ നവമ്പർ ൧൪-ാം തിയതിക്കുശേഷം ഫാക്ടറി അടച്ചിട്ടുകയാണു് ചെയ്തതു്. എന്നാൽ അതിനിടയിൽ തൊഴിലാളികൾ തങ്ങളുടെ സ്ട്രൈക്കു് പിൻവലിച്ചുവെങ്കിലും മുതലാളി ഫാക്ടറി തുറക്കാൻ തയാറായിട്ടില്ല. ദിവസക്കൂലിക്കു് ജോലിചെയ്യുന്ന ഇത്തരം തൊഴിലാളികൾക്കു് തുടർച്ചയായി ഒന്നോ രണ്ടോ മാസം ജോലി ചെയ്യാൻ നിവൃത്തിയില്ലാതെവന്നാൽ അവരുടെ കാര്യം എത്രമാത്രം കഷ്ടസ്ഥിതിയിലാണെന്നുള്ളതു ചിന്തിച്ചാൽ മനസ്സിലാകും. സർ, സമയച്ചുരുക്കംകൊണ്ടു് എൻറെ പ്രസംഗം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു. തൊഴിലാളികളുടെ ദയനീയസ്ഥിതിയെ പരിഗണിച്ചു് ഈ ഗവണ്മെൻറു് വേണ്ട സത്വരനടപടികൾ കൈക്കൊള്ളേണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഈ തുക ഗവണ്മെൻറു് ചെലവാക്കാൻ പോകുന്നതു് തൊഴിലാളികൾക്കു വേണ്ടിയാണോ അതോ സ്ഥാപിതതാല്പര്യക്കാർക്കു വേണ്ടിയാണോ എന്നുള്ളതു് ആദ്യമായി ചിന്തിക്കേണ്ട ഒരു കാര്യമാണു്. ഗവണ്മെൻറിൻറെ ചില ചെയ്തികൾ പരിശോധിച്ചു നോക്കുകയാണെങ്കിൽ സ്ഥാപിതതാല്പര്യക്കാരുടെ ചേരിയിലേയ്ക്കു് ഗവണ്മെൻറു് പോയിക്കൊണ്ടിരിക്കുന്നതായി കാണാം.

Mr. Speaker: Sri. Chellappan Pillai has sent up a cut motion to reduce the total allotment. Is he practically moving that also? There is no objection in his moving that cut motion and speaking on the general cut motion.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ലേബർ പാളിസിയെ സംബന്ധിച്ചു് ഈ ഗവണ്മെൻറു് സ്വീകരിക്കേണ്ട നയത്തെപ്പറ്റിയും മറ്റും ഇവിടെ വിമർശിക്കാൻവേണ്ടിയാണു് ഞാൻ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. ഗവണ്മെൻറു് തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിനു് നിയമമുണ്ടാക്കുകയും ആ നിയമത്തിൻറെ ഗുണത്തേയും പ്രയോജനത്തേയും സ്ഥാപിതതാല്പര്യക്കാർക്കുവേണ്ടി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുവെന്നാണു് എനിക്കു തോന്നുന്നതു്. ലേബറിനെ സംബന്ധിച്ചു് ധാരാളം നിയമങ്ങൾ ഇവിടെ അനേകവർഷങ്ങളായി നിലവിലിരിക്കുന്നു. സർ സി. പി.യുടെ കാലം മുതൽ ഇന്നുവരെ മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ നിയമങ്ങൾ സമ്പാദിച്ചിട്ടുണ്ടു്. അന്നുമുതൽ തൊഴിലാളികളോടു് ഏതു തരത്തിലുള്ള അനുഭാവമാണു് ഗവണ്മെൻറിൽനിന്നും പ്രദർശിപ്പിച്ചുപോരുന്നതെന്നുള്ളതു് നാം ആലോചിക്കേണ്ട ഒരു സംഗതിയാണു്. നാം നിയമിക്കാനുദ്ദേശിക്കുന്നതായ ബില്ലിലെ വ്യവസ്ഥകളനുസരിച്ചു തൊഴിലാളികളുടെ പേരിൽ മുതലെടുക്കുന്നതു് മുതലാളിമാരാണു്. എൻറെ സ്നേഹിതൻ ശ്രീ. വേലപ്പൻ പറഞ്ഞതുപോലെ, തൊഴിലാളികൾ സ്ട്രൈക്കു നടത്തുന്നുവെന്നുള്ള കാരണത്താൽ ഫാക്ടറി അടച്ചിടുകയും മൂന്നു രണ്ടു ദിവസം കഴിയുമ്പോൾ സ്ട്രൈക്കു് പിൻവലിച്ചാൽ പോലും

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടറി തുറക്കാതിരിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയാണ് ഇവിടെയുള്ളത്. ഈയൊരു അവസ്ഥ കൂടക്കൂടെ സംസ്ഥാനത്തു ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഏകദേശം ഒരു ശതമാനത്തോളം തൊഴിലാളികളുള്ള കൊച്ചി തിരുവിതാംകൂർ സംസ്ഥാനം ഈ ഒരുകൂട്ടം ആളുകളെ അവഗണിക്കാമെന്നു വിചാരിക്കുന്നതു് ഒരു കാരണവശാലും ബുദ്ധിപൂർവ്വകമാണെന്നു് തോന്നുന്നില്ല. പല സ്ഥലങ്ങളിലും തൊഴിലാളികൾ മുതലാളിയുമായി അസംതൃപ്തിയിൽ കഴിഞ്ഞുകൂടുകയാണെന്നുള്ള വിവരം ഗവണ്മെൻറിനെ അറിയിക്കാൻ ഞാൻ ഇപ്പോഴവസരം വിനിയോഗിച്ചുകൊള്ളുന്നു. മുതലാളിമാരിൽനിന്നും തൊഴിലാളികൾക്കു് പല തരത്തിലുള്ള പീഡനങ്ങളും കഷ്ടതകളും ഉണ്ടായികൊണ്ടിരിക്കയാണെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. അതുകൊണ്ടു തൊഴിലാളികളുടെയിടയിൽ അസംതൃപ്തി വർദ്ധിച്ചുവരുന്നുണ്ടു്. തിരുവിതാംകൂറിലെ ഒരു നല്ലശതമാനം ആളുകൾ ഫാക്ടറി തൊഴിലാളികളാണു്. അവരുടെ ഇടയിലുള്ള അസംതൃപ്തി ഈ രാജ്യത്തു ആകമാനം പടർന്നുപിടിച്ചുവരികയാണു്. അതിനുവേണ്ട പരിഹാരം നേരത്തെ കണ്ടുപിടിക്കാത്തപക്ഷം ഭയങ്കരമായ ഒരു വിപത്തിനെ നാം നേരിടേണ്ടിവരുമെന്നു ഗവണ്മെണ്ടിനെ ഞാൻ അറിയിച്ചുകൊള്ളുന്നു.

മറ്റൊരുകാര്യം എനിക്കു പറയുവാനുള്ളതു് ഇവിടത്തെ കർഷകതൊഴിലാളികളെ സംബന്ധിച്ചാണു്. ഇൻഡ്യാ ഗവണ്മെണ്ടിൽ കർഷകതൊഴിലാളികളെപ്പറ്റി പൂർണ്ണമായ അന്വേഷണം നടത്തുവാൻ ഒരു മെഷ്യനറിയുണ്ടു്. അതുസംബന്ധിച്ചു നമ്മുടെ ഗവണ്മെണ്ടു് എന്തന്വേഷിച്ചു, എന്തു ചെയ്തു എന്നറിയുവാൻ ഈ സഭയ്ക്കു് ആഗ്രഹമുണ്ടു്. കർഷകതൊഴിലാളികൾ മിക്കവാറും അസംഘടിതമായി നില്ക്കുന്ന ഒരു വർഗ്ഗമാണു്. കൂട്ടനാട്ടിലല്ലാതെ അവർക്കു പറയത്തക്ക സംഘടന മറ്റൊരു സ്ഥലത്തുമില്ല. കൂട്ടനാട്ടിലുള്ള കർഷക സംഘടന കമ്മൂണിസ്റ്റു് സ്വാൺസേർഡു് ആണെന്താണും. ഇന്നു നാട്ടിൻപുറങ്ങളിലെല്ലാം കമ്മൂണിസ്റ്റുകാർ കടന്നുചെന്നു് അവരുടെ ആദർശങ്ങൾ പ്രചരിപ്പിച്ചുവരികയാണു്. അവർ തൊഴിലാളികേന്ദ്രങ്ങളിൽചെന്നു് വിപ്ലവകരമായ പരിപാടികൾ തൊഴിലാളികൾക്കു നൽകുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ജന്മിയാണു്, മുതലാളിയാണു് എന്നെല്ലാം പറഞ്ഞു തൊഴിലാളികളേയും മുതലാളികളേയും തമ്മിൽ പിണക്കി മുതലാളികളുടെനേരെ അക്രമം പ്രയോഗിക്കുവാൻ അവർ അവസരം നോക്കിയിരിക്കയാണു്. ഇതിനുള്ള പ്രധാനമായ കാരണം കർഷകതൊഴിലാളികളുടെ ഇടയിൽ ഇന്നു നിലവിലുള്ള അസംതൃപ്തിയാണു് ഈ അസംതൃപ്തി ദൂരീകരിക്കുവാൻ ഗവണ്മെണ്ടു എന്താണു് ചെയ്യാൻപോകുന്നതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. ഈ രാജ്യത്തു എത്ര കർഷകതൊഴിലാളികൾ ഉണ്ടെന്നും അവരുടെ വേലക്കൂലി എന്താണെന്നും അവർക്കു ജോലിയില്ലാത്ത സമയങ്ങളിൽ ഉപജീവനത്തിനുള്ള എന്തെങ്കിലും മാർഗ്ഗം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്നും ഉള്ള വിവരങ്ങളെക്കുറിച്ചു യാതൊരു കണക്കും നമുക്കില്ല. അതിനു് ഗവണ്മെണ്ടു് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എനിക്കറിഞ്ഞുകൂടാ. ഇന്നു പഞ്ചായത്തുണ്ടാക്കണമെന്നു പറയുന്നുണ്ടു്. അവ സംഘടിപ്പിച്ചിരുന്നുവെങ്കിൽ ഈ ചുമതല അവക്കു വിട്ടുകൊടുക്കാമായിരുന്നു. അതായതു് തൊഴിലില്ലാത്ത സമയത്തു തൊഴിലാളികളുടെ സംരക്ഷണച്ചുമതല ഈ പഞ്ചായത്തുകളെ നമുക്കു ഏല്പിക്കാമായിരുന്നു. എന്നാൽ അതിനും ഒരു നടപടി ഇന്നു എടുത്തുകാണുന്നില്ല. അതുകൊണ്ടു് എനിക്കു പ്രസ്താവിക്കുവാനുള്ളതു് കർഷകതൊഴിലാളികളുടെ അവശതകൾ എന്തെല്ലാമാണെന്നു കണ്ടുപിടിക്കുന്നതിനുവേണ്ടി ആവശ്യമുള്ള നടപടികൾ ഉടൻ കൈക്കൊള്ളണമെന്നതാണു്. അതുസംബന്ധിച്ചു് തയ്യാറാക്കേണ്ട സ്റ്റാറ്റിസ്റ്റിക്കിനെക്കുറിച്ചു് എനിക്കു രണ്ടു വാക്കു പറയുവാനുണ്ടു്. ഇവിടെ മുമ്പു് എക്കണോമിക്കു് അസിസ്റ്റൻറു്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റൻറു് എന്നിപ്രകാരമുള്ള ഉദ്യോഗം മുമ്പുണ്ടായിരുന്നു. എന്നാൽ ഇപ്പോഴുണ്ടത്തെ ബഡ്ജറ്റിൽ അതനുവദിച്ചിട്ടില്ലെന്നു കാണാം. അതെന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇന്നു ഇൻഡ്യയിൽ ഒരു പ്ലാനിംഗു് കമ്മീഷൻ ഉണ്ടാക്കി ഇവിടത്തെ എല്ലാ പ്രവൃത്തികളെ സംബന്ധിച്ചുമുള്ള സ്റ്റാറ്റിസ്റ്റിക്കു് എടുക്കുവാൻ തീരുമാനിച്ചിരിക്കയാണു്. ഇതുകൂടാതെ യാതൊരു വിധത്തിലുള്ള പ്ലാനുകളും വിജയപ്രദമായി മുമ്പോട്ടു കൊണ്ടുപോകുവാൻ സാദ്ധ്യമല്ല. എന്തുകൊണ്ടാണു് സ്റ്റാറ്റിസ്റ്റീഷ്യനുവേണ്ടിയുള്ള പ്രൊവിഷൻ ഇക്കൊല്ലബഡ്ജറ്റിൽ അനുവദിക്കാതിരുന്നതു് എന്നു ഞാൻ ചോദിക്കുന്നു. ഇവിടെ ഉണ്ടായിരുന്ന സ്റ്റാറ്റിസ്റ്റീഷ്യനെ ഇന്നു പിരിച്ചുവിടാൻ പോകുകയാണു്. എന്നാൽ എനിക്കു പറയുവാനുള്ളതു് സ്റ്റാറ്റിസ്റ്റീഷ്യന്മാരെ നിന്നു [illegible] എല്ലാതരം തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. K. Chellappan Pillai]

വരുടെ അവശ്യതകൾ എന്താണെന്ന മനസ്സിലാക്കുന്നതിന് ഒരു സ്റ്റാറ്റിസ്റ്റിക്സ് ഉണ്ടാക്കണമെന്നാണ്. അതുകൂടാതെ പുരോഗമനപരമായി യാതൊരു പ്ലാനും മുമ്പോട്ട കൊണ്ടുപോകാൻ സാദ്ധ്യമല്ല. മുമ്പു നടന്നതുപോലെ നടക്കട്ടെ, ഇഷ്ടംപോലെ ചെലവുചെയ്യാം എന്നെല്ലാമുള്ള ചിട്ട ഇന്നു നമുക്കു സ്വീകരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റൻറ് സിനേയും അഗ്രിക്കൾച്ചറൽ അസിസ്റ്റൻറ്സിനേയും നിയമിച്ചു തൊഴിലാളികളെ സംബന്ധിച്ചുള്ള ശരിയായ സ്ഥിതിവിവരകണക്ക് എത്രയും വേഗത്തിൽ തയ്യാറാക്കേണ്ടതാണ്. അതിൽ കഷ്ടകതൊഴിലാളികളുടെ കാര്യം ഒരിക്കലും വിസ്മരിക്കാൻ പാടില്ല. ഇരുമുഖത്തൊഴിലാളികളെ സംബന്ധിച്ച് എൻറെ മാന്യ സ്നേഹിതൻ മി. ഉദയഭാനു ഇവിടെ പറയുകയുണ്ടായി. അവരുടെ അവശ്യതകൾ പരിഹരിക്കുന്നതിനു് എത്രയും വേഗത്തിൽ ഗവൺമെണ്ടു് വേണ്ടതു ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. (Bell)

Sri. N. Danial Jose: Mr. Speaker, Sir, at the outset, I would plead for a more firm policy towards the capitalists of this State, especially in settling disputes between capitalists and the labourers. Sir, the Indian Labour Minister has been trying to cajole the capitalists of the country. The Government of India wanted to introduce profit-sharing, but the capitalists did not favour the idea and they had to abandon it. But here, Sir, the Government should pursue a firmer policy in settling disputes between the capital and labour to their mutual advantage. Government should consider the question of profit-sharing as it is the only means of settling disputes regarding payment of bonus. Moreover, Government is an employer as it runs two departments where labour is employed in a large scale. I mean the Transport Department and the P. W. Department. So, Government can be a model employer in respect of their treatment of labour. Now, Sir, the P. W. Employees have not been paid their wages for the 26th and 27th January of this year. I should draw the attention of Government that they should not give room as an employer for any such complaints from labour.

As I have already stated in some other connection, Government have passed a series of legislations meant to be beneficial to labour. Except the Factories Act, all the other pieces of legislation have not yet been implemented. The Shop Assistants Act has been passed but it has not been implemented. The employees of the country have become impatient and signs of frustration are visible so far as the labour in the country is concerned. In this connection, mention may also be made of plantation labour. I would plead that plantation labour also is brought within the purview of labour legislation as the Government of India have done.

I would next bring a small matter to the notice of Government for their consideration. There is a conflict, Sir, between certain provisions of the Factories Act and the Shop Assistants Act. In Madras the Shop Assistants Act was passed first and later the Factories Act was passed. But here the reverse was done, and the result was that the clerical establishment of the factories were brought within the purview of the Factories Act; thereby they lost the benefit they would have got from the other legislation. I would also earnestly plead, Sir, that Government should, instead of declaring a strike as illegal, bring pressure on the capitalists to see that the labour gets its due share of the advantage that it ought to get in this country. Sir, labour is a very important section of our population. I would even go to the extent of saying that the success of the Government would depend upon how it solves the labour problems of the country.

Sir, there is another point which has already been mentioned in this House, *viz.*, the question of kisans in the State. I should plead with the Government to take up this question of agricultural labour. Some legislation has to be framed whereby agricultural labour could be brought under law. Provisions have to be made in the legislation protecting these labourers from the exploitation of the rich owners of fields. I would also suggest that the Hon'ble Minister in charge of Labour when he goes to Delhi, would take with him permanent officers of this Department to learn what the Government of India are doing in respect of this problem.

In conclusion I would suggest that Government should definitely make it their policy that labour is always protected in the State.

ശ്രീ. പി. നാണു: സർ, സംഘടിതതൊഴിലാളികളെ സംബന്ധിച്ചാണ് ഇവിടെ പലരും സംസാരിച്ചുകേട്ടതു്. എന്നാൽ സംഘടനയില്ലാത്ത സാധാരണ തൊഴിലാളികളെ സംബന്ധിച്ചു സംസാരിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. കയർ വ്യവസായത്തിലും നെയ്ത്തുവ്യവസായത്തിലും കൃഷിവ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന പറയത്തക്ക സംഘടനയില്ല. നെയിത്തുവ്യവസായം വളരെ പുരാതനകാലംമുതലുള്ള ഒരു കുടിൽവ്യവസായമാണ്. അതിനു ഈ രാജ്യത്തു് എതാണ്ടു് അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെങ്കിലും ആ തൊഴിൽ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനു് ആവശ്യമുള്ള നൂൽ ഇന്ന കിട്ടുന്നില്ല. നൂലു് കൊടുക്കുന്നുണ്ടു്, കിട്ടുന്നുണ്ടു് എന്നൊക്കെ അഥവാ പറഞ്ഞാലും ഞാൻ പറയുന്നതു ഇന്ന നെയിത്തുതൊഴിലാളികൾക്കു നൂലു് ആവശ്യമുള്ള തോതിൽ കിട്ടുന്നില്ല എന്നാണു്. ഇവിടെ നെയിത്തു വളരെ അത്യാവശ്യമായി നടത്തിവരുന്ന ഒരു വ്യവസായമാണു്. ഇവിടത്തെ രീതിയനുസരിച്ചു് ഏറ്റവും അത്യാവശ്യമായിട്ടുള്ളതു് 60 മുതൽ 80 നമ്പർവരെയുള്ള നൂലാണു്. ആ നൂൽ ഇന്നു് ആവശ്യമുള്ളിടത്തോളം കിട്ടുന്നില്ല. അക്കാരണത്താൽ ആ തൊഴിലിനു് മാന്ദ്യം സംഭവിക്കുന്നതായും ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരായ തൊഴിലാളികൾ തൊഴിലിനുവേണ്ടി അന്യരാജ്യത്തു പോകുന്നതായും കാണാവുന്നതാണു്. എന്റെ താലൂക്കായ ചിറയിൻകീഴിൽനിന്നും തൊഴിലില്ലായ്മ മൂലം ധാരാളം ആളുകൾ നാടുവിട്ടു വിദേശങ്ങളിലേയ്ക്കു് ഇന്ന പൊയ്ക്കൊണ്ടിരിക്കുന്നു.

നെയിത്തുതൊഴിലാളികൾക്കു തൊഴിലുണ്ടാക്കി കൊടുക്കുന്നതിനു ആവശ്യമായ സഹായങ്ങൾ ഗവൺമെണ്ടു് ചെയ്തുകൊടുക്കേണ്ടതാണു്. അവക്കു് ആവശ്യമുള്ള നൂൽ ഈ നാട്ടിൽ വരുത്തി അവരുടെ തൊഴിലിനെ അഭിവൃദ്ധിപ്പെടുത്തേണ്ടതിനു വേണ്ട സഹായങ്ങൾ ഗവൺമെണ്ടു് നൽകണം.

സർ, കഷ്ടകത്തൊഴിലാളികളെപ്പറ്റിയും എനിക്കു ഒരുവാക്കു പറയുവാനുണ്ടു്. അവരുടെ കൂലിക്കു് ഇപ്പോൾ യാതൊരു ഐകരൂപ്യവുമില്ല. രാവിലെ ഏഴുമണിമുതൽ വൈകിട്ടു് ആറുമണിവരെ ജോലിചെയ്യുന്ന ഇവർക്കു പലതരത്തിലാണു് ഇപ്പോൾ കൂലി ലഭിച്ചുകൊണ്ടിരിക്കുന്നതു്. ഇന്ന പലതരത്തിൽ ഇവർ അവശതയനുഭവിച്ചുകൊണ്ടിരിക്കുന്നുമുണ്ടു്. അതുകൊണ്ടു് അവരുടെ കൂലിക്കു ഒരു ഐകരൂപ്യം വരുത്തുകയെങ്കിലും എന്തെങ്കിലും ഒരു വ്യവസ്ഥ ചെയ്യണം.

ഇതിലെല്ലാം പ്രധാനമായി എനിക്കു പറയുവാനുള്ള ഒരു കാര്യം കയർ തൊഴിലാളികളെ സംബന്ധിച്ചാണു്. അവർ കമ്മ്യൂണിസ്റ്റുകാരായിത്തീർന്നിരിക്കുമെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ഗവൺമെണ്ടുതന്നെ വഹിക്കണമെന്നു ഞാൻ വ്യവസായമന്ത്രിയോടു പറഞ്ഞപ്പോൾ ഗവൺമെണ്ടു് അതിന്റെ ഉത്തരവാദിത്വം വഹിച്ചുകൊള്ളാമെന്നമട്ടിൽ വ്യവസായമന്ത്രി മറുപടി പറഞ്ഞു. ഇപ്പോൾ നമ്മുടെ ലേബർമന്ത്രി എന്തു സമാധാനം പറയുന്നു എന്നറിയാനാണു് ഞാൻ ഇക്കാര്യം വീണ്ടും പ്രസ്താവിക്കുന്നതു്. ഏകദേശം 6 ലക്ഷത്തിൽപരം തൊഴിലാളികൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുണ്ടു്. ഇന്ന ഒരു തൊഴിലാളിക്കു കിട്ടുന്ന പ്രതിദിന ആദായം ഏകദേശം അര രൂപയാണു്. ഈ അര രൂപകൊണ്ടു് ഒരു കുടുംബം ഏതുവിധത്തിൽ കഴിയുന്നു, എങ്ങനെ കഴിയുന്നു എന്നു ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടോ? വർദ്ധിച്ചിരിക്കുന്ന തൊണ്ടുവില കൺട്രോൾ ചെയ്യണമെന്നു ഞാൻ പറയുമ്പോൾ, അതിനു സാദ്ധ്യതയില്ല എന്നാണു് വ്യവസായമന്ത്രിയുടെ മറുപടി. എന്നാൽ അതിനു സാദ്ധ്യതയുണ്ടെന്നു ഞാൻ പറയുന്നു. പച്ചത്തൊണ്ടു് വില കൂടുതൽകൊടുത്തു വാങ്ങിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ തൊണ്ടിനു് കൺട്രോൾവില ഏർപ്പെടുത്തിയാൽ വ്യവസായം അധഃപതിക്കുകയെയുള്ളു എന്നാണു് വ്യവസായമന്ത്രിയുടെ സമാധാനം. പച്ചത്തൊണ്ടിനു വില കൂടുതൽവന്നാൽ തൊണ്ടു് അഴക്കി വിലയ്ക്കു് കൊടുക്കുന്നവർ നഷ്ടപ്പെടുന്നില്ലേ എന്നും, അഴക്കൽതൊണ്ടിനു വില കൂടുതൽ വരുമ്പോൾ അമിതമായ ലാഭം അവർ എടുക്കുന്നില്ലേ എന്നും ഞാൻ ചോദിക്കുന്നു. ഞാൻ പറയുന്നതു വിലക്കൂടുതലിന്റേയും കുറവിന്റേയും ഒരുശരാശരി നിർണ്ണയിക്കുക, എന്നിട്ടു ഒരു സാമാന്യനിലയിൽ കണക്കുണ്ടാക്കിതൊണ്ടിനു കൺട്രോൾ വില ഏർപ്പെടുത്തുക എന്നാണു്. ഞാൻ മുമ്പൊരിക്കൽ പറഞ്ഞതുപോലെ ഒരു രൂപയ്ക്കു വാങ്ങിയ തൊണ്ടു് അഴക്കി നാലു രൂപയ്ക്കാണു് ഇപ്പോൾ വിറ്റുവരുന്നതു്. തൊണ്ടുവില കുറയുമ്പോൾ ചിലപ്പോൾ നഷ്ടം നേരിട്ടുമെങ്കിലും മുടക്കിയ വിലയിൽനിന്നു വലിയ കുറവു സാധാരണയായി വരുന്നില്ല. ഇവിടെ നെല്ലിന്റെ വിലയ്ക്കു കൺട്രോൾ ഏർപ്പെടുത്തിയിട്ടുണ്ടല്ലോ. ഇന്ന നെല്ലിനു കൊടുക്കുന്ന വില അതിന്റെ ഉല്പാദനച്ചെലവിനെക്കാൾ വളരെക്കുറവാണെന്നു പരാതിയുണ്ടു്. എങ്കിലും ഉല്പാദനച്ചെലവിൽ കുറഞ്ഞവിലയ്ക്കു നിശ്ചയിച്ചുള്ള തത്വം ഗവൺമെണ്ടു് എങ്ങനെ സ്വീകരിച്ചു? നെല്ലു് ഒരു അത്യാവശ്യഭക്ഷണസാമാനമായതുകൊണ്ടും, ഇവിടെ കൃഷിചെയ്യുണ്ടാക്കുന്നതുകൊണ്ടും കൺട്രോൾ വില ഏർപ്പെടുത്തി. കയറിന്റെ വിലയും കൺട്രോൾ ചെയ്യാവുന്നതാണു്. അമിതമായ ആദായം

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. Nanoo]

യം തൊണ്ടുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ എടുക്കുന്നു. തൊണ്ടുവ്യവസായി മുഴുവൻ ലാഭവും അടിക്കുന്നതുകൊണ്ടു പാവപ്പെട്ട തൊഴിലാളികൾ വളരെ കഷ്ടത അനുഭവിക്കേണ്ടിവരുന്നു. തൊണ്ടുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു നഷ്ടം വരണമെന്നു് എനിക്കഭിപ്രായമില്ല. അവർക്കു നഷ്ടംവരാത്ത നിലയിൽ കൺട്രോൾ വില എടുത്തുമാറ്റിയാൽ മതി. അല്ലെങ്കിൽ തൊഴിലാളികൾക്കു ഗുണകരമായ മറ്റെന്തെങ്കിലും വ്യവസ്ഥ ചെയ്താലും മതി. ഏതായാലും തൊഴിലാളികളെ കാത്തുമായി ബാധിച്ചിരിക്കുന്ന ഒരു രോഗം ഇവിടെ ഉണ്ടു്. അതിനു മരുന്നു കണ്ടുപിടിക്കേണ്ടതു ഗവൺമെണ്ടിന്റെ കടമയാണു്. തൊണ്ടുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഇവിടെ പട്ടിണികിടക്കുന്നു. അവരുടെ എണ്ണം അനവധിയാണു്. അവരുടെ പട്ടിണി മാറണം. അതിനുള്ള മാർഗ്ഗം എന്താണെന്നാണു് നാം ചിന്തിക്കേണ്ടതു്. അഥവാ കൺട്രോൾ സാദ്ധ്യമല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗം കണ്ടുപിടിക്കേണ്ടതാണു്. ഇക്കാര്യത്തിൽ ഞാൻ ഒരു വിദഗ്ധനല്ല, ഇതിൽ വിദഗ്ധാഭിപ്രായം ആവശ്യമുള്ളപക്ഷം അതറിഞ്ഞു എന്തെങ്കിലും പ്രതിവിധികൾ ഉണ്ടാക്കേണ്ടതു ന്യായശ്യമാണു്.

ഞാൻ ഇതു ഊന്നിപ്പറയുവാൻ കാരണം, നമ്മുടെ നാട്ടിന്റെ നാനാഭാഗത്തും കമ്മ്യൂണിസം തലപൊക്കിത്തുടങ്ങിയിട്ടുള്ളതുകൊണ്ടുകൂടിയാണു്. ചിറയിൻകീഴ് താലൂക്കിൽ കമ്മ്യൂണിസം വളരെ കുറഞ്ഞിരിക്കുകയാണു്. അവിടെയും കമ്മ്യൂണിസം നഴഞ്ഞുകയറുന്നതിനുള്ള സാദ്ധ്യത ഇപ്പോഴുണ്ടു്. കമ്മ്യൂണിസം വന്നുകൂടുന്നതിനുള്ള വഴികൾ ഇപ്പോഴും തുറന്നുകിടക്കുകയാണു്. തുറന്നുകിടക്കുന്ന ആ വഴികൾ ഗവൺമെണ്ടു് അടച്ചുതരണമെന്നാണു ഞാൻ പറയുന്നതു്. കയർവ്യവസായത്തിന്റെ അഭിവൃദ്ധിക്കു അത്യന്താപേക്ഷിതമായ ഇക്കാര്യം ഗവൺമെണ്ടു് പ്രത്യേകം ശ്രദ്ധിക്കണമെന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. സി. പ്രസാദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഉപക്ഷേപങ്ങൾ അയച്ചിട്ടില്ലാത്ത ഏതെങ്കിലും മെമ്പർക്കു ഇപ്പോൾ സംസാരിക്കാൻ അവകാശമുണ്ടോ ?

മി. സ്പീക്കർ : ഉണ്ടു്, അനുവാദം കൊടുക്കുന്നതാണു്.

സാഹിബ് ബഹദൂർ കെ. എച്ചു്. സുലൈമാൻ : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഇപ്പോൾ ഈ സഭമുമ്പാകെ ചർച്ചാവിഷയമായിരിക്കുന്നതു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണു്. അതുമേൽ പ്രാധാന്യത്തോടുകൂടി ഈ വിഷയത്തെ കൈകാര്യം ചെയ്യേണ്ടതായിരിക്കുന്നു. ഇന്നു ലോകത്തിന്റെ മുഴുവൻ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണു് തൊഴിൽ-പ്രശ്നം. ഈ പ്രശ്നത്തിന്റെ പ്രാധാന്യത്തെ അടിസ്ഥാനപ്പെടുത്തി നമ്മുടെ ഗവൺമെണ്ടു് ആ പ്രശ്നത്തെ സമീപിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ പ്രശ്നത്തെ സംബന്ധിച്ചു ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പറന്മാരും അവരുടെ അഭിപ്രായം രേഖപ്പെടുത്തിക്കഴിഞ്ഞു. ഇന്നു ലോകം രണ്ടു ചേരികളിലായി തിരിഞ്ഞുനിന്നു പ്രവർത്തിച്ചുവരികയാണു്. ഒരു പരിവർത്തനഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന ലോകം ഈ പ്രശ്നത്തിന്റെ പരിഹാരത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടുമിരിക്കുന്നു. ആ സന്ദർഭത്തിൽ ഈ പ്രശ്നത്തെ തീരെ ലഘുവായി ഗണിക്കുന്നതു ശരിയാണൊ എന്നാണു് ഞാൻ ഗവൺമെണ്ടിനോടു ചോദിക്കുന്നതു്. ഇന്നു ജനായത്തഭരണത്തിന്റെ കാലമാണു്. അതിന്റെ താങ്ങും തണലുമായിരിക്കുന്ന തൊഴിലാളിവിഭാഗത്തിനു അവർ അർഹിക്കുന്നവിധത്തിലുള്ള പരിരക്ഷയും പുരോഗതിയും പ്രോത്സാഹനവും ഭരണകൂടത്തിൽനിന്നും സിദ്ധിക്കുന്നില്ലെങ്കിൽ നിശ്ചയമായും ആ ഭരണകൂടം നിലനില്പാൻ പോകുന്നില്ല എന്നു മനസ്സിലാക്കണം. ഇന്നത്തെ ഇവിടത്തെ പോക്കുനോക്കിയാൽ ഈ അവസ്ഥ നമ്മുടെ ഗവൺമെണ്ടു് ശരിയായി മനസ്സിലാക്കിയിട്ടുണ്ടൊ എന്നു സംശയിക്കത്തക്കവിധത്തിലാണു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഗവൺമെണ്ടിന്റെ ഈ അനാസ്ഥാപൂർവ്വമായ മനോഭാവത്തെപ്പറ്റി ഇവിടെ പലരും പ്രസ്താവിച്ചുകഴിഞ്ഞു. ഒന്നുരണ്ടു കാര്യങ്ങൾ എനിക്കും അതിനെപ്പറ്റി പറയുവാനുണ്ടു്.

പല പ്രാസംഗികന്മാരും ഇവിടെ പ്രസ്താവിച്ചതുപോലെ തൊഴിലാളിവിഭാഗത്തിനു ഗവൺമെണ്ടിനെറനേരെ എന്തെന്നില്ലാത്ത ഒരു അമർഷമനോഭാവം ഉണ്ടാക്കിയിട്ടുണ്ടു്. ആ വസ്തുതയെ നിഷേധിക്കാൻ ആർക്കും സാദ്ധ്യമല്ല. എന്താണു് ഇതിനുള്ള കാരണം? എവിടെയെങ്കിലും ഒരു തൊഴിൽകുഴപ്പം ഉണ്ടാകുന്നപക്ഷം അതിനുള്ള പരി

LIBRARY ARCHIVES Kerala Legislative Assembly

ഫാരം തക്കസ്മയത്തുണ്ടാക്കാതെ ആ കഴപ്പം ഏറ്റവും വഷളായിത്തീരുന്ന സന്ദർഭത്തിൽമാ ത്രമെ ഗവമ്മെണ്ടു അതിന്റെ പരിഹാരത്തിനായി അവിടെ എത്തുകയുള്ളു. ഇങ്ങനെയുള്ള അനാസ്ഥാപൂർവ്വമായ നടപടികൊം നിമിത്തം പലവിധത്തിലുള്ള കഴപ്പങ്ങളും ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവിടെ നടത്തിക്കൊണ്ടിരിക്കുന്ന ലേബർ ഡിപ്പാർട്ടുമെണ്ടിന്റെ മാന്ദ്യത്തെ സംബന്ധിച്ചും പലമെമ്പറന്മാരും ഇവിടെ പറയുകയുണ്ടായി. ലേബർ ഡിപ്പാർട്ടുമെണ്ടിന്റെ പ്രവത്തനത്തിൽ മാന്ദ്യം ഉണ്ടെന്നുമാത്രമല്ല, യാതൊരുവിധത്തിലുള്ള ജീവൻപോലുമില്ലാത്ത സമ്പ്രദായത്തിലാണു് ഇവിടത്തെ ലേബർഡിപ്പാർട്ടുമെണ്ടു് പ്രവത്തിക്കുന്നതു്. ഈ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരോടു് ഈ രാജ്യത്തെ മുതലാളിമാർ അവജ്ഞയോടും നിസ്സാരതാഭാവത്തോടും കൂടിയാണു് പെരുമാറി വരുന്നതു്. ഏറ്റവും അവഗണനയോടുകൂടി മാത്രമാണു് ഈ ഉദ്യോഗസ്ഥന്മാരെ മുതലാളിമാർ വീക്ഷിക്കുന്നതു്. അതിനുള്ള പ്രധാനമായകാരണം, ഈ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാക്കു അവർ അർഹിക്കുന്ന വിധത്തിലുള്ള അധികാരങ്ങളില്ലെന്നുള്ളതാണു്. ആ അധികാരം ഇവക്കു കൊടുക്കുവാൻ ഗവമ്മെണ്ടു തയാറാകുന്നില്ല. ഈ വസ്തുത ഈ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാർതന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്. ഗവമ്മെണ്ടു് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

മറെറാരു സംഗതി, എന്റെ നിയോജകമണ്ഡലത്തിലെ ഒരു കായ്മാണു്. സംയോജനത്തിനു വളരെ കാലത്തിനുമുമ്പു് കൊച്ചിയിലെ തുറമുഖത്തൊഴിലാളികളുടെ അവശതകളും പരിഹരിക്കുന്നതിനുവേണ്ടി അന്നത്തെ കൊച്ചിഗവമ്മെണ്ടിനോടു് അതേപ്പററി അന്വേഷിച്ചു വേണ്ട നടപടികളും നടത്തണമെന്നു നിവേദനം ചെയ്യുകയുണ്ടായി. അവിടത്തെ തുറമുഖത്തൊഴിലാളികളും കപ്പൽ ഏജൻറന്മാരിൽനിന്നും അവിടത്തെ മറെറ മുതലാളിമാരിൽനിന്നും അനുഭവിച്ചുവരുന്ന കഷ്ടതകളും പരിഹാരമുണ്ടാക്കണമെന്നുള്ളതായിരുന്നു അവരുടെ നിവേദനം. അങ്ങിനെ പല നിവേദനങ്ങളും അവർ ഗവമ്മെണ്ടിലേയ്ക്കു് സമർപ്പിച്ചു. കൊല്ലങ്ങളും പലതുകഴിഞ്ഞു. ഇതുവരെ യാതൊരു പരിഹാരവും ഉണ്ടാക്കിയിട്ടില്ല. തന്നിമിത്തം തുറമുഖത്തൊഴിലാളികളിൽ വലിയ അമർഷവും നിരാശയുമുണ്ടു്. ഈ നിവേദനം സമർപ്പിച്ചതിന്റെ ഫലമായി ഗവമ്മെണ്ടു അവരുടെ അവശതകളിൽ എന്തെങ്കിലും പരിഹാരമുണ്ടാക്കി കൊടുക്കുമെന്നുള്ള വിചാരത്തോടുകൂടി അവിടെയുള്ള കൺട്രാക്ടർമാരും കപ്പൽ ഏജൻറന്മാരും അവിടത്തെ തൊഴിലാളികളുടെ നേരെ പിടിമുറുക്കിക്കൊണ്ടിരിക്കുകയാണു്. ഗവമ്മെണ്ടു് എത്രയും വേഗത്തിൽ ഇതിനും ഒരു പരിഹാരമുണ്ടാക്കേണ്ടതാണു്.

Sri. P. Balakrishnan Tampi: Sir, I rise to support the motion just to bring to the notice of the House certain aspects of this question. Before doing so, I should like to assure the Treasury Benches that I do not want to raise any point that would embarras the Government. In a matter like this it would have been very helpful if we were supplied with the Administration Report of the Department concerned because I do not want to talk in a way which will do credit to a college debating society. Without knowing how the department was carrying on its activities during the previous year how can one make any useful contribution by way of suggestions to the topic before the House? I believe that Government would make arrangements for the members being supplied beforehand with copies of the Administration Report of that particular department which is under discussion in the House:

Sir, he must be a very unwise man who does not take note of the signs of the age. I have been trying myself to contact labour and understand what it is all about. Now that adult suffrage has been recognised by the State and it has become part of the Constitution, it behoves all Governments that the largest amount of contentment is secured to the masses.

The House rose for lunch at 1-0 p.m. and reassembled at 2-0 p.m. with Mr. Deputy Speaker in the Chair.

Sri. P. Balakrishnan Tampi: *(cont,)* I am glad that opinion was expressed in different parts of the House regarding the fixation of wages for agricultural labourers. As a middleclassman who cultivates a few cents of land, I have found to my cost that it is not profitable to cultivate without fixing minimum wages. They differ from place to place and in the same locality. Therefore it is in the interest of the farmers, farm-owners as well as labourers that wages, if it can be fixed, are fixed. I wish to state that I am not unaware of the difficulties of fixing uniform wages throughout the land but if it can be fixed with the help of any independent agency, as I said before, that will be of service to both the farm-owners as well as the labourers.

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. Balakrishnan Tambi]

The next point I wish to bring to the notice of the House is that we have ample reason to congratulate ourselves regarding the manner in which the labour laws are administered. Thanks to the foresight of the Government of Travancore, we were wise enough to send educated men of character to western countries, like England and America for training and acquainting themselves with the machinery of settling labour disputes and studying labour movement itself in its different aspects. The problems are getting very difficult, of late, regarding the mutual relations of capital and labour.

ശ്രീ. സി. വി. ഇയ്യു: ഇപ്പോഴത്തെ ലേബർ കമ്മിഷണർ ആരാണ്?

Sri. P. Balakrishnan Tampi: I think Mr. Velayudhan, who was till now the Labour Commissioner, has been transferred and another gentleman is occupying his place.

Sri. C. V. Iyyu: What are his qualifications?

Sri. P. Balakrishnan Tampi: I do not want to canvass his qualifications at present.

Sri. C. V. Iyyu: The point is that we want really to know whether he is qualified or not.

Sri. P. Balakrishnan Tampi: I know that he is a graduate in law. He was an advocate. He had his training in England and America and he is a very able man.

What I was saying is that Government have every reason to congratulate themselves on the labour administration. One test of the popularity of the Department is this that both the Labour and Capital are not satisfied with the work of the Department. That is a sure testimony that the Department was working well, because as in the case of the best arbitrator, neither side is satisfied with the award.

Again the problem of Government taking proper measures to see that labour does not come unduly under the influence of certain political parties, who have no faith in democracy or parliamentary form of Government, was adverted to. Our labourers—it may be un-English to say so and the better term would be labour—are educated and responsible and they cannot be easily led astray by political catchwords and revolutionary slogans. On an average the men and women here are far better educated than their confreres elsewhere in India. (Bell).

ശ്രീ. പി. കെ. ഡിവർ: ഗവണ്മെണ്ടിന്റെ തൊഴിലാളിനയം സംബന്ധിച്ച് ഇവിടെ പല മെമ്പറന്മാരും പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. എന്നാൽ ഒരു സംഗതി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഇന്നു തൊഴിൽ തർക്കങ്ങൾ അവസാനിപ്പിക്കുന്നതിനു് അഡ്ജൂഡിക്കേഷൻ ഒരു ഉപാധിയായിസ്വീകരിച്ചിട്ടുണ്ടു്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അതു അവർക്കു് തൃപ്തികരമായ ഒരു ഏർപ്പാടല്ല. തൊഴിൽ കുഴപ്പങ്ങൾ ഇല്ലാതാക്കുന്നതിനു് അഡ്ജൂഡിക്കേഷൻ സമ്പ്രദായം അതു ഫലപ്രദമായി കണ്ടുവരാറില്ലെന്നു എനിക്കഭിപ്രായമുണ്ടു്. അഡ്ജൂഡിക്കേഷൻ തൊഴിലാളികൾക്കു് ഭാരമായ ഒരേർപ്പാടായിത്തീർന്നിരിക്കയാണു്. കാരണം അഡ്ജൂഡിക്കേഷനു് റഫർചെയ്യുന്ന സംപ്രദായത്തിൽ ഗവണ്മെൻറും തൊഴിൽ ശാലാഉടമസ്ഥരും സ്വീകരിച്ചുവരുന്ന നയം തൊഴിലാളികളുടെ പ്രശ്നപരിഹാരത്തിനു ഉപകാരപ്രദമായി തീരുന്നില്ല എന്നുള്ളതാണു്. പല അഡ്ജൂഡിക്കേഷനും തൊഴിലാളികളുടെ ഡിമാൻറിനു വിപരീതമായിത്തീർന്നിട്ടുണ്ടെന്നുള്ള വിവരം എനിക്കു നേരിട്ടറിയാം. കൊച്ചിയിൽ ഇതുവരെ നിലവിലുണ്ടായിരുന്ന പ്രൊക്ലമേഷൻ അനുസരിച്ചു അഡ്ജൂഡിക്കേഷനു് എതെങ്കിലും തൊഴിൽ തർക്കങ്ങൾ വിട്ടുകൊടുക്കുമ്പോൾ അതുവരെ നിലവിലുണ്ടായിരുന്നതായ വ്യവസ്ഥകൾക്കു് മാറ്റം വരുത്താത്ത രീതിയിൽ അഡ്ജൂഡിക്കേഷൻ തീരുന്നതുവരെ കമ്പനിക്കാർ അല്ലെങ്കിൽ തൊഴിൽശാലാ ഉടമസ്ഥന്മാർ തുടർന്നുകൊണ്ടു പോകണമെന്നു് ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. തർക്കങ്ങൾ ഉണ്ടായി അഡ്ജൂഡിക്കേഷനു് വിട്ടുകൊടുക്കേണ്ടിവന്നു എന്നുള്ള കാരണംകൊണ്ടു് തൊഴിലാളികളെ പിരിച്ചുവയ്ക്കുകയോ അവരുടെ ക്ഷേമകാര്യങ്ങൾ ചെയ്യുകയോ മറ്റൊന്നും ചെയ്യാൻ പാടില്ല എന്നായിരുന്നു വ്യവസ്ഥ. കൊച്ചിയിൽ തോട്ടംതൊഴിലാളികളെ സംബന്ധിച്ചു് തൊഴിൽതർക്കമുണ്ടായിരുന്നു. അവിടെയും അഡ്ജൂഡിക്കേഷൻ സമ്പ്രദായം വിജയകരമായിത്തീർന്നില്ല. എന്റെ സ്നേഹിതൻ മി. സുബ്രഹ്മണ്യൻ മട്ടാഞ്ചേരിയിലെ തൊഴിൽകുഴപ്പത്തെപ്പറ്റിയും മറ്റും ഇവിടെ പ്രസ്താവിച്ചു. അതുകൊണ്ടാക്കു് തൊഴിലാളികളെ സംബന്ധിച്ചാണു്. കൊച്ചിയിലെയും തിരുവിതാംകൂറിലേയും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിഗതികൾക്ക് ബാധകമാകത്തക്കവിധത്തിൽ പ്രവർത്തിച്ചു വരുന്ന ഡാക്ക തൊഴിലാളികൾ ഉണ്ട്. ഇൻഡ്യയിലെ അഞ്ചു വൻകിട തുറമുഖങ്ങളിൽ ഒന്നാണ് കൊച്ചിയെങ്കിലും മറ്റു സ്ഥലങ്ങളിൽ കിട്ടുന്നപോലെയുള്ള സഹകരണമോ സംരക്ഷണമോ കൊച്ചിതൊഴിലാളികൾക്ക് കിട്ടുന്നില്ലെന്നുള്ളതു് പരമാർത്ഥമാണ്. ഇൻഡ്യയിലെ എല്ലാ തുറമുഖങ്ങളിലേയും ഡാക്കുതൊഴിലാളികളെ സംഘടിപ്പിക്കുന്നതിനുള്ള ഒരു സംരംഭം ഉണ്ട്. അതിനു ഒരു കാൺഫ്രൻസ് വിളിച്ചു കൂട്ടിയതിൽ കൊച്ചി തുറമുഖത്തൊഴിലാളികളെ പ്രതിനിധീകരിക്കത്തക്കവണ്ണം അവരിൽനിന്നും ഒരു പ്രതിനിധിയെപ്പോലും ക്ഷണിച്ചിരുന്നില്ല. കപ്പൽ കൺട്രാക്ടറന്മാരേയും കപ്പലിലെ മറ്റു ജോലിക്കാരേയും നിയമിക്കുമ്പോൾ ഇങ്ങനെയുള്ള സംഘടനയിലുൾപ്പെട്ട ആളുകളെ എടുക്കണമെന്നു് ഒരു വ്യവസ്ഥ ഉണ്ടാക്കുവാൻ കഴിഞ്ഞയുദ്ധകാലത്തു് ഇംഗ്ലണ്ടിലെ ഡാക്ക തൊഴിലാളികളുടെ ഒരു കോർപ്പറേഷൻ ഗവൺമെണ്ടിന്റെ ആഭിമുഖ്യത്തിൽ തുടങ്ങി. അതിൽ പേർ റജിസ്റ്റു് ചെയ്ത ആളുകളെ മാത്രമെ കപ്പൽ സംബന്ധമായി ജോലിക്ക നിയമിക്കുവാൻ പാടുള്ളു എന്നു് ഗവൺമെണ്ടു് ഒരു നിയമം ഏർപ്പെടുത്തി. അതുപോലെ ഒരു നിയമം ഇവിടേയും ഏർപ്പെടുത്താത്തപക്ഷം വിദൂരമല്ലാത്ത ഭാവിയിൽ തന്നെ മട്ടാഞ്ചേരിയിൽ ഒരു വലിയ തൊഴിൽകുഴപ്പം ഉണ്ടാകുമെന്നുള്ളതു തീർച്ചയാണു്. ഭാഗ്യവശാൽ ഗവൺമെണ്ടിനെ വിശ്വസിച്ചുകൊണ്ടു് അവരുടെ വൈഷമ്യങ്ങൾക്കു് പരിഹാരം ഉണ്ടാകും എന്നു് അവർ കാത്തിരിക്കുകയാണു്. ഗവൺമെണ്ടു് വേറെ ഒന്നും ചെയ്തില്ലെങ്കിലും ഇതുപോലെ ഒരു കോർപ്പറേഷൻതുടങ്ങി അതിൽ പേരു് റജിസ്റ്റു് ചെയ്തവരെ മാത്രമേ കപ്പൽ ജോലിക്കായും കപ്പലിലെ കാൺടാക്ടു് ജോലിക്കായും നിയമിക്കാവു എന്ന ഒരു നിയമം ഉണ്ടാക്കണം. ഞാൻ മുമ്പു പറഞ്ഞതുപോലെ ഇൻഡ്യാ ഗവൺമെണ്ടു് ഇതുസംബന്ധിച്ചു ഒരു സംഘടന രൂപീകരിച്ചിട്ടുണ്ടു്. പക്ഷെ അതിൽ ഞാൻ പറഞ്ഞതുപോലെ ഈ മേജർ തുറമുഖങ്ങളിലൊന്നായ കൊച്ചിക്കു സ്ഥാനമില്ല. മറ്റു പ്രാവിൻസുകളിലെ ലേബർ കമ്മീഷണർമാക്കു് അതിൽ സ്ഥാനമുണ്ടു്. എന്നാൽ ഇവിടത്തെ ലേബർകമ്മീഷണക്കു് അതിൽ സ്ഥാനമില്ല. ഈ കാര്യങ്ങളും ഇൻഡ്യാഗവൺമെണ്ടിന്റെ മുമ്പിൽ കൊണ്ടുവരണമെന്നു് ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നു. അതുപോലെതന്നെ ഹാർബർ അഡൈ്വസറി ബോർഡു് അവിടെയുള്ള കച്ചവടക്കാരുടേയും മുതലാളിമാരുടേയും പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുള്ളതാണു്. അതിൽ തൊഴിലാളികൾക്കു സ്ഥാനമില്ല. ഇങ്ങനെ ഡാക്കുതൊഴിലാളികളെ സംബന്ധിച്ചു് വളരെ അധികം അവശ്യകരം ഇന്നു് ഇവിടെ നിലനിന്നു വരുന്നു. മിനിമംവേജസു് കൊടുക്കുന്നതിനെ സംബന്ധിച്ചും ഇതുവരെയായതൊരു നടപടിയും ഗവൺമെണ്ടു് എടുത്തിട്ടില്ലെന്നുള്ളതു് പരിതാപകരമാണു്. അതു നടപ്പിൽ കൊണ്ടുവരുന്നതിനു ആവശ്യമായിട്ടുള്ള വേജു് ബോർഡുകൾ രൂപീകരിക്കേണ്ടതാണു്. അതുപോലെതന്നെ തോട്ടംതൊഴിലാളികളെ ബാധിക്കുന്നതായ ഒരു നിയമവും ഉണ്ടാക്കണം. മിനിമംവേജസു് ഫിക്സു് ചെയ്യുമ്പോൾ തോട്ടംതൊഴിലാളിക്കു് ഇന്നതായിരിക്കണമെന്നും ഡാക്കുതൊഴിലാളിക്കു് ഇന്നതായിരിക്കണമെന്നും ക്ലിപ്തപ്പെടുത്തേണ്ടതാണു്. ഫാക്ടറി ആക്ടിൽ കൊച്ചിഗവൺമെണ്ടും തോട്ടം ഉടമസ്ഥന്മാരും തമ്മിൽ ഒരു വ്യവസ്ഥ ഉണ്ടാക്കുകയുണ്ടായി. ഒരു റിഗേ കമ്മിറ്റി രൂപീകരിച്ചു് റിപ്പോർട്ടും വരുത്തുകയുണ്ടായി. ആ റിപ്പോർട്ടിലുള്ള വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി ഗവൺമെണ്ടു് യാതൊരു നടപടിയും എടുത്തിട്ടില്ലെന്നുള്ളതു് വളരെ ആക്ഷേപകരമാണു്. തോട്ടം തൊഴിലാളികളുടെ ദുരവസ്ഥ മാറ്റുന്നതിനു് ഗവൺമെണ്ടു് അല്പമെങ്കിലും ശ്രമിച്ചിരുന്നുവെങ്കിൽ അതു വലിയ ഒരു കാര്യമായിരുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഇൻഡ്യയിലെ മറ്റേതൊരു ഭാഗത്തെക്കാളും ഏറ്റവും പുരോഗമനപരമായ തൊഴിലാളി നിയമങ്ങളുള്ള ഒരു സ്ഥലമാണു് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനം. പുരോഗമനപരവും ഉപയോഗപ്രദവുമായ തൊഴിലാളി നിയമങ്ങൾ ഇൻഡ്യയുടെ മറ്റേതെങ്കിലും ഭാഗത്തുണ്ടാകുന്നതിനുമുമ്പു് നടപ്പിൽ വന്നിട്ടുള്ളതും, മറ്റുള്ള മിക്ക സ്ഥലങ്ങളേയും അപേക്ഷിച്ചു് പ്രശസ്തമായരീതിയിൽ നടത്തപ്പെടുന്ന ഒരു ട്രേഡ്യൂണിയൻ പ്രസ്ഥാനം പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു സംസ്ഥാനമാണു് ഇതു്. സർ. സി. പി. യെ പോലുള്ള ഒരു തൊഴിലാളിപ്രസ്ഥാനവൈരിയെക്കൊണ്ടുപോലും താരതമ്യേന പ്രശസ്തങ്ങളായ തൊഴിലാളിനിയമങ്ങൾ നിർമ്മിപ്പിക്കുവാൻ സാധിച്ചിട്ടുള്ള ഒരു ട്രേഡ്യൂണിയൻ പ്രസ്ഥാനമാണു് തിരുവിതാംകൂറിലുള്ളതു്. ഈ ഒരൊറ്റ വസ്തുതയിൽനിന്നുമാത്രം ഇവിടത്തെ തൊഴിലാളികളുടെ സംഘടിതശക്തി എത്രയുണ്ടെന്നു് നമുക്കു് എളുപ്പത്തിൽ അറിയാൻ കഴിയും. ഈ നിലയിലുള്ള ഈ രാജ്യത്തു് ഇന്നു ഗവൺമെണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ponnara G. Sreedhar]

തൊഴിലാളിനിയമങ്ങളും ന്യായമായ വിധം പരിപാലിക്കുന്നുണ്ടോ എന്ന നോക്കിയാൽ നിയമങ്ങളും നിലവിലുണ്ടെന്നല്ലാതെ അവ അനുസരിച്ച് യാതൊന്നുംതന്നെ പ്രവർത്തിക്കുന്നില്ലെന്ന കാണാവുന്നതാണ്. അതുമാത്രമല്ല ഇന്നത്തെ തൊഴിലാളികൾക്ക് നേരിടേണ്ടിവരുന്ന വിഷമം. തൊഴിലാളികളുടെ സങ്കടനിവാരണത്തിനോ അല്ലെങ്കിൽ അവരുടെ സൌകര്യങ്ങൾക്കോ വേണ്ടി ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ഈ നാട്ടിന്റെ സാമ്പത്തിക സ്ഥിതിയുടെ ഉൽക്കർഷത്തിനോ ഉല്പാദനവർദ്ധനവിനോ വേണ്ടി യാതൊന്നുംതന്നെ പ്രവർത്തിക്കാതിരിക്കുന്നവരും നിസ്സഹായരായ തൊഴിലാളികളേയും സാമാന്യജനതയേയും ഭയങ്കരമായി ചൂഷണം ചെയ്തും പട്ടിണിക്കിട്ടും കുബേരന്മാരായവരുമായ ഈ നാട്ടിലെ മുതലാളിമാരെ ന്യായവിരുദ്ധമായും അക്രമമായും താലോലിക്കുകയാണ് ഈ ഗവൺമെണ്ട് ചെയ്യുവരുന്നത്. ഇതിനു പല ഉദാഹരണങ്ങളും ഉണ്ട്. എന്നാൽ മറ്റു പല സ്നേഹിതന്മാരും ഇവിടെ പറഞ്ഞുകഴിഞ്ഞിരിക്കുന്നതുകൊണ്ട് ഞാൻ അതൊക്കെവിണ്ടും പറയണമെന്ന് വിചാരിക്കുന്നില്ല. പക്ഷെ മറ്റ് ഒന്നു രണ്ടുകാര്യങ്ങളും എനിക്കു ചൂണ്ടിക്കാണിക്കാനുണ്ട്. പരിഷ്കൃതങ്ങളായ പല നിയമങ്ങളും ഈ രാജ്യത്തുണ്ടാക്കിയിട്ട് അവ നടപ്പിൽ വരുത്തുന്നതിനു് അവശ്യം വേണ്ട രൂപകം ഉണ്ടാക്കിയിട്ടില്ല. അതുപോലെതന്നെ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ തീരുമാനങ്ങളും അഡ്ജൂഡിക്കേഷന്റെ എവാർഡുകളും അനുസരിക്കാതെ അവകൾക്കെല്ലാം വിപരീതമായി പ്രവർത്തിക്കുന്ന മുതലാളിമാരുടെ പേരിൽ ഗവൺമെണ്ട് യാതൊരു നടപടിയും എടുക്കുന്നതിനു് ഇതുവരെ തയ്യാറായിട്ടില്ല. എന്നാൽ തൊഴിലാളികൾ അത്യാവശ്യമായ കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടി എന്തെങ്കിലും പ്രക്ഷോഭണം കൂട്ടുകയാണെങ്കിൽ റിസർവു പോലീസും പട്ടാളവും മിഷ്യൻഗണ്ണും എല്ലാം വരികയായി. അതേ അവസരം മുതലാളിമാർ നിയമപ്രകാരം ചെയ്യേണ്ടതു് ചെയ്യാതിരിക്കുകയാണെങ്കിൽ അതിലേയ്ക്ക് എന്തെങ്കിലും ചെയ്യാൻ ഈ ഗവൺമെണ്ട് തയാറാകുന്നില്ലെന്നുള്ളതും പ്രസ്താവ്യമാണ്. ഈ അടുത്ത കാലത്തുണ്ടായിരിക്കുന്ന ഒരു സംഭവം ഈ പക്ഷപാതനയത്തിനുദാഹരണമായി ഞാൻ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാം. കുണ്ടറ "ഇലക്ട്രിക്കൽ ആൻഡ് അലൈഡ് ഇൻഡസ്ട്രീസിൽ നടന്ന ഒരു തൊഴിലാളിത്തക്കം സംബന്ധിച്ച് അവിടെ ഉണ്ടായിരുന്ന ലാക്കൌട്ടും സ്ട്രൈക്കും നിയമവിരുദ്ധമാണെന്നു് ഗവൺമെണ്ടിൽനിന്നും ഉത്തരവുണ്ടായി. അവിടെ നടന്ന വസ്തുതകൾ വച്ചുനോക്കുകയാണെങ്കിൽ, "ലാക്കൌട്ട്"" നിയമവിരുദ്ധമായി പ്രഖ്യാപിച്ചതു് ന്യായമാണെന്നു് മനസ്സിലാകും. എന്നാൽ "ലാക്കൌട്ടിനാൽ ഉണ്ടായസ്ട്രൈക്കും" നിയമവിരുദ്ധമാക്കിയതാണതിശയം. അതിന്റെ ന്യായാന്യായതയെ പറ്റി ഈ അവസരത്തിൽ പ്രസ്താവിക്കണമെന്നല്ല ഞാൻ ഉദ്ദേശിക്കുന്നതു്. ഗവൺമെണ്ടിൽനിന്നും ആ ഉത്തരവുണ്ടായ അവസരത്തിൽത്തന്നെ തൊഴിലാളികൾ സ്ട്രൈക്ക് പിൻവലിച്ചു. എന്നാൽ അവിടത്തെ മുതലാളി, പട്ടേൽവരെ അടുത്ത ബന്ധമുണ്ടെന്നു പറയുന്ന മുതലാളി, തിരുവിതാംകൂർ ഗവൺമെന്റിനെ വകവയ്ക്കുണ്ടെന്നു് തീരുമാനിച്ച് അവിടെ തുടർന്നു ലാക്കൌട്ട് നടത്തുന്നു. ഇതു തൊഴിലാളികളെ അവിടെ പ്രവേശിക്കാൻ അനുവദിച്ചിട്ടില്ല. സർ, ഇന്ന് ഒരു പബ്ലിക്ക് സേഫ്ടി ആർഡിനൻസ് ഇവിടെ നിലവിലിരിക്കുന്നുണ്ട്. ആ ആർഡിനൻസിന്റെ ഉദ്ദേശങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് "Emergency powers necessary to maintain the public peace and tranquillity and prevention of strikes and lockouts and the maintenance of supplies and services essential to the life of the community."

എന്നതാണ്. ഒരു സ്ട്രൈക്ക് ഉണ്ടാക്കുവാൻ ഇടയാകത്തക്കവണ്ണം.....

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ലാക്കൌട്ടിനെപ്പറ്റിയാണോ പറയുന്നതു്?

ശ്രീ. പൊന്നറ ജി. ശ്രീധർ: എന്താണു പറയുന്നതെന്ന് കേട്ടിട്ട് ചോദ്യം ചെയ്യുന്നതു് നന്നായിരിക്കും, ഒരു സ്ട്രൈക്ക് അനിവാര്യമാകത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന മുതലാളിയുടെ, "ലാക്കൌട്ട്"" നിയമവിരുദ്ധമാക്കിക്കൊണ്ടുള്ള ആർഡർ ഗവൺമെണ്ടിൽനിന്നുമുണ്ടായിട്ടുപോലും അനുസരിക്കാത്ത മുതലാളിയുടെ പേരിൽ നിയമപ്രകാരമുള്ള നടപടി നടത്തുന്നതിനു ഇന്നത്തെ ഗവൺമെണ്ട് തയാറാകുന്നില്ല. ഈ വിധം നെറിയും കുറിയുമില്ലാത്ത ഒരു ഗവൺമെണ്ടാണു് ഇപ്പോഴുള്ളതു്. ലേബർ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരെപ്പറ്റി വളരെയധികം പറയാനുണ്ട്. സമയം തീർന്നിരിക്കുന്നതിനാൽ ഞാൻ തൽക്കാലം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സർ, ഇന്നീ രാജ്യത്തെ തൊഴിലാളിവർഗ്ഗം ഒരു അനിശ്ചിതാവസ്ഥയിൽ കഴിഞ്ഞു കൂടുകയാണ്. ഇന്ന് ചെയ്യുപോരുന്ന തൊഴിൽ തന്നെയും തുടർന്നു നടത്തിക്കൊണ്ടു പോകാൻ സാധിക്കുമോ, തൊഴിൽ ഇല്ലാതെവന്നാൽ എങ്ങനെ കഴിഞ്ഞുകൂടും, വാർദ്ധക്യം മൂലം തൊഴിലിൽ നിന്നു പിരിഞ്ഞുപോകുമ്പോൾ എന്താണ് നാം കുലുംബം കിട്ടുന്നതു്, രോഗം മൂലം ജോലിചെയ്യാൻവയ്യാതെ കിടക്കുമ്പോൾ എന്താണ് നാം കുലുംബം കിട്ടുന്നതു് എന്നൊന്നും ഒരു നിശ്ചയവുമില്ല. ഈ ഗവൺമെൻറ് തൊഴിലാളികളെ അവഗണിച്ചിട്ടുണ്ടെന്നു് ഞാൻ പറയുമ്പോൾ തെറ്റിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. തൊഴിലാളികളോടു് അനുഭാവമില്ലാത്തതുകൊണ്ടാണു് അങ്ങനെ ചെയ്യുന്നതെന്നു് ഞാൻ പ്രസ്താവിക്കുന്നില്ല. എന്നാൽ ഈ നിലയിൽ തൊഴിലാളികളെ അവഗണിച്ചു് അവരെ നിസ്സഹായാവസ്ഥയിലേയ്ക്കു് തള്ളിവിടുകയാണെങ്കിൽ അതു് ആപൽക്കരമാണെന്നു് ഞാൻ ആദ്യമേതന്നെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ രാജ്യത്തോടുള്ള യഥാർത്ഥമായ കൂറുമൂലം ഇവിടത്തെ തൊഴിലാളികൾ പല വിഷമതകളും സഹിച്ചു് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അതു വഴി ഈ രാജ്യത്തെ സാമ്പത്തികസ്ഥിതി സുഖകരമാക്കിത്തീർക്കാനും പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ രാജ്യസ്നേഹത്തെ ഈ രാജ്യത്തെ മുതലാളിവർഗ്ഗം ചൂഷണം ചെയ്യുന്നുവെന്നു് പറയാതിരിക്കാൻ നിർവാഹമില്ല. ഇവിടത്തെ ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ടി തൊഴിലാളികൾ അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ മുതലാളിവർഗ്ഗം പണിമുടക്കുകൾക്കു് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ഈ നില തുടരാൻ അനുവദിക്കരുതെന്നു് ഗവൺമെണ്ടിനോടു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. സർ, ഇന്നുള്ള തൊഴിൽ നിയമങ്ങൾ എത്രകണ്ടു് പ്രായോഗികമാക്കുന്നു എന്നു പരിശോധിക്കാം. ഇവിടെ തൊഴിലാളിയും മുതലാളിയും തമ്മിൽ തൊഴിൽതർക്കം ഉണ്ടാകുമ്പോൾ അഡ്ജൂഡിക്കേഷനു് വ്യവസ്ഥയുണ്ടു്. അഡ്ജൂഡിക്കേഷൻ നിമിത്തം എത്ര തൊഴിലാളികൾക്കു് രക്ഷ കിട്ടിയിട്ടുണ്ടെന്നു് ഞാൻ ചോദിച്ചുകൊള്ളുന്നു. ഒരു കൊല്ലവും രണ്ടു കൊല്ലവും കഴിഞ്ഞു് അവരുടെ വിധിപുറത്തു വന്നാൽത്തന്നെയും അതനുഭവിക്കാൻ തൊഴിലാളികൾക്കു സാധിക്കുന്നില്ല. ഇവിടത്തെ ഗവൺമെണ്ടു് അഡ്ജൂഡിക്കേഷൻ നടപ്പാക്കാൻ തയാറാകുന്നില്ലെന്നു് മുതലാളികളുടെ നില നോക്കിയാൽ വ്യക്തമായി കാണാൻ സാധിക്കും. ഇന്നു നിലവിലുള്ള പരിമിതമായ നിയമങ്ങളെപ്പോലും ഇവിടത്തെ മുതലാളിമാർ ധിക്കാരപരമായ മനോഭാവത്തോടുകൂടി ചോദ്യം ചെയ്യുന്നു എന്നു് ഞാൻ വേദനയോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. ഇവിടത്തെ തൊഴിലാളികൾ രാജ്യതാൽപ്പര്യത്തെ മുൻനിറുത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ അവരെ സഹായിക്കാൻ ഗവൺമെണ്ടു് തയാറാകുന്നില്ലെന്നുള്ളതും വേദനാജനകമാണു്. യാതൊരുതരത്തിലും ഈ നില തുടർന്നു കൊണ്ടുപോകരുതെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. തൊഴിലാളികൾ ഇന്നു് തൊഴിലില്ലാതെ വിഷമിക്കുന്ന ഒരു പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ടെന്നു് ഗവൺമെണ്ടിനു് മനസ്സിലാക്കാൻ വിഷമമുണ്ടെന്നു തോന്നുന്നില്ല. ഇവിടത്തെ മുതലാളികൾ ഒരു സുപ്രഭാതത്തിൽ കമ്പനികൾ അടച്ചിട്ടുകയും തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്യുന്നതു് നമുക്കു് കാണാൻ കഴിയുന്നുണ്ടു്. ഈ നിലയിലുള്ള പൂട്ടിയിടലുകളും പരിച്ചുവിടലുകളും നിയമവിരുദ്ധമാണെന്നിരുന്നാലും ഗവൺമെണ്ടു് അവരുടെ പേരിൽ യാതൊരു നടപടിയും എടുക്കാൻ മുതിരുന്നില്ല. ഗവൺമെൻറിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള നിയമങ്ങളെ അതു് എഴുതുന്ന കടലാസിൻറെ വിലപോലും ഗണിക്കാതെ തള്ളുമ്പോൾ ഗവൺമെൻറു് കണ്ണടച്ചിരിക്കുന്നതു് ഉചിതമല്ല. നിലവിലുള്ള ഫാക്ടറി നിയമങ്ങളെല്ലാം അനുസരിക്കുന്ന എത്ര ഫാക്ടറികൾ ഉണ്ടെന്നു ഞാൻ ചോദിക്കുന്നു. ഈ നിലയിൽ തൊഴിലാളികൾക്കു് കിട്ടേണ്ട ആനുകൂല്യങ്ങളെല്ലാം ഇന്നു് ൯൦ ശതമാനം ഫാക്ടറികളും നിഷേധിച്ചുനിർത്തിയിരിക്കയാണെന്നു് ഗവൺമെണ്ടു് മനസ്സിലാക്കണം. ആ വകകാര്യങ്ങളിലെല്ലാം ഗവൺമെൻറിനെ സമീപിക്കേണ്ടതു് ലേബർ ഡിപ്പാർട്ടുമെൻറു് മുഖേനയാണു്. സർ, ഇവിടെ ഒരു ലേബർ ഡിപ്പാർട്ടുമെൻറു് ഉണ്ടോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു. ഒരു തൊഴിലാളിയെ മുതലാളി പിരിച്ചുവിട്ടാൽ സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടി പോകുന്ന തൊഴിലാളിക്കു് ലേബർ ഡിപ്പാർട്ടുമെൻറിനെ സമീപിക്കയാണു് ചെയ്യേണ്ടതു്. യാതൊരു കാരണവും കൂടാതെ ഒരു തൊഴിലാളിയെ പിരിച്ചുവിട്ടെന്നു് ലേബർ ഡിപ്പാർട്ടുമെണ്ടിനെ ധരിപ്പിക്കയാണെങ്കിൽ അപേക്ഷകിട്ടി എന്നുള്ള മറുപടി കിട്ടുന്നതുവരെ ഒരുമാസം കഴിഞ്ഞാണു്. ചിലപ്പോൾ അതുമില്ലെന്നുവരും. ഈ പരിതസ്ഥിതിയിൽ എങ്ങനെയാണു് തൊഴിലാളി അക്രമപ്രേരിതനാവാതിരിക്കുന്നതു്. സമാധാനപരമായമാർഗ്ഗത്തിൽ കൂടി നിയമത്തിൻറെ സഹായംകൊണ്ടു് ന്യായമായ പരിഹാരം സി

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. Karunakaran]

ധിക്കുന്നില്ലെന്നു് വരുമ്പോൾ അവനെ നയിക്കുന്ന മാർഗ്ഗത്തിൽകൂടി അവൻ ചലിക്കുന്നു. അക്രമത്തിൽകൂടി പോയാലാണു് അവന്റെ കാര്യം സാധിക്കുന്നതെന്നു വിശ്വസിപ്പിച്ചാൽ അവൻ അതിനും തയ്യാറാണു്. സമാധാനപരമായ മാർഗ്ഗത്തിൽക്കൂടി അവനു് ഗുണം കിട്ടുമെന്നുള്ള വിശ്വാസം നശിച്ചുപോയിരിക്കുന്നതിനാലാണു് മുദ്രാവാക്യങ്ങളുടെ പുറകിൽ കൂടി പോകുന്നതു്. ഇന്നു് ഓരോ മില്ലിലേയും സംഗതി എന്തെന്നു് പരിശോധിക്കാം. അശകപ്പാ ടെക്സ്റ്റൈൽസു് പൂട്ടിയിട്ടു് ഇപ്പോൾ ൪ മാസമായി. ആ മില്ലു് പൂട്ടിയിട്ടിരുന്നതിനുള്ള പശ്ചാത്തലം നമുക്കു് ഒന്നു് പരിശോധിക്കാം. തൊഴിലാളികൾക്കു് പലതരത്തിലുള്ള സങ്കടങ്ങൾ മാനേജ്മെന്റിൽനിന്നും ഉണ്ടാകുന്നു എന്നുള്ളതിനെ ആസ്പദമാക്കി ഒരു ബോർഡു് ഓഫു് എൻക്വയറി അനുവദിക്കുകയുണ്ടായി. ആ ബോർഡു് വളരെക്കാലം കഴിഞ്ഞപ്പോൾ ഒരു റിപ്പോർട്ടു് സമർപ്പിച്ചു. അതു് തൊഴിലാളികൾക്കു് അനുകൂലമാണെന്നു കണ്ടപ്പോൾ ആ ഫാക്ടറിയുടെ ഉടമസ്ഥൻ പണമില്ലെന്നും പറഞ്ഞിയില്ലെന്നും മറ്റും പറഞ്ഞു് പൂട്ടിയിട്ടു. ഇതുപോലെയുള്ള സ്ഥാപനങ്ങളുടെ ചരിത്രം നോക്കിയാൽ തൊഴിലാളികളെ കളിപ്പിക്കാനും ഗവൺമെന്റിനെ അവഹേളിക്കാനും പലവക തന്ത്രങ്ങളും കാണിച്ചിട്ടുള്ളതായി അറിയാൻ കഴിയും. ലക്ഷക്കണക്കിനു് ആദായമുണ്ടാക്കിയിട്ടുള്ള ഒരു മില്ലിന്റെ ഉടമസ്ഥൻ പണമില്ലെന്നു പറയുന്നതു് കേൾക്കുമ്പോൾ അതിൽ എത്രത്തോളം വാസ്തവമുണ്ടെന്നു് ഗവൺമെന്റു് ആലോചിക്കണം. ൪ മാസമായി മില്ലു പൂട്ടിയിട്ടിട്ടു് മില്ലുടമസ്ഥന്റെ പേരിൽ യാതൊരു നടപടിയും നടത്താൻ സാധ്യമായിട്ടില്ല. ഗവൺമെന്റു് ഇടപെട്ടു ചില മദ്ധ്യതീപ്പുകളും മദ്ധ്യസ്ഥതകളും നടത്തിയിട്ടുണ്ടു്. എന്നാൽ അതെഴുതിയ കടലാസുകളുടെ വിലപോലും കല്പിക്കാതെയാണു് മുതലാളി അവയെ ലംഘിച്ചിട്ടുള്ളതു്. ഇതിനെല്ലാം ഒരുവഴി വരുത്തുന്നതിനു് ഗവൺമെന്റിന്റെ തൊഴിലാളിനയം പ്രഖ്യാപനം ചെയ്യണമെന്നും ആ നിലയിൽ ഈ രാജ്യത്തു് സമാധാനം ഉണ്ടാക്കാനും ഉല്പാദനം വർദ്ധിപ്പിക്കാനും ഗവൺമെന്റു് മുന്നോട്ടു വരണമെന്നും അതിനു് ഇന്നത്തെ കോൺഗ്രസ്സു് ഗവൺമെന്റു് മുതിരുമെന്നും ഞാൻ പ്രത്യാശിക്കുന്നു.

ശ്രീ. സി. വി. ഐയ്യു : എന്റെ സ്നേഹിതന്മാരായ സുപ്രസിദ്ധതൊഴിലാളിപ്രവർത്തകന്മാർ, മെസേഴ്സു് ഡീവറുടേയും കരുണാകരന്റേയും പ്രസംഗങ്ങൾ കേട്ടപ്പോൾ ഞാൻ വല്ലാണ്ടു് ആവേശം കൊള്ളാൻ തുടങ്ങി. തൊഴിലാളികളുടെ കാര്യത്തിൽ എനിക്കു വളരെ താല്പര്യം ഉണ്ടെന്നു പറഞ്ഞാൽ അതും വിശ്വസിക്കുകയില്ല. കാരണം ഇവർ വലിയ തൊഴിലാളിപ്രവർത്തകന്മാരാണു്. അവർ തൊഴിലാളികളുടെ കാര്യങ്ങളെസംബന്ധിച്ചു വലിയ മൈതാനപ്രസംഗങ്ങൾ നടത്തുന്നു. അതെന്തിനു വേണ്ടിയാണെന്നു ചോദിച്ചാൽ തൊഴിലാളികളുടെ വോട്ടു അവർക്കു കിട്ടണം. അതിനുവേണ്ടി പ്രവർത്തിക്കണമെന്നു അവർക്കറിയാം. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രിയും സമാധിയിൽ ഇരുന്നു് കേൾക്കുന്നുണ്ടു്. ഇൻഡ്യാഗവൺമെന്റിന്റെ ധനകാര്യമന്ത്രി കുബേരപൂജ കഴിക്കുന്നതായ ഒരു കാർട്ടൺ കഴിഞ്ഞ ശങ്കേഴ്സു് വീക്കിലിയിൽ ഞാൻ കാണുകയുണ്ടായി. അതാണു് എന്റെ മാമ്മയിൽ ഇപ്പോൾ വരുന്നതു്. അതായതു് ഡാക്ടർ ജോൺ മത്തായി കുബേരന്റെ മുമ്പിൽ തപം ചെയ്യുന്നതും കർപ്പൂരം ഹോമിക്കുന്നതുമാണു്. അപ്പോൾ ഈ ഗവൺമെന്റിനും കുബേരപൂജയെ അനുകരിക്കുകയല്ലാതെ യാതൊരു രക്ഷയുമില്ല. അതുകൊണ്ടു് തൊഴിലാളിപ്രവർത്തകന്മാർ അവരുടെ പ്രവർത്തനം ഉപേക്ഷിച്ചു് വേറെ പാട്ടി നോക്കുകയല്ലാതെ വേറെ വഴിയില്ല. എനിക്കു് പറയാനുള്ളതു് എന്താണെന്നുവച്ചാൽ ഈ തൊഴിലാളിപ്രവർത്തകന്മാർക്കു് ആത്മാർത്ഥതയുണ്ടെങ്കിൽ അവർ ഈ സഭയിൽ പ്രസംഗിക്കുന്നതിനേക്കാൾ നല്ലതു് അവർ തന്നെ തൊഴിലാളികളുടെ ആവശ്യങ്ങൾ സാധിച്ചുകിട്ടുന്നതിനു വേണ്ടി സത്യാഗ്രഹം തുടങ്ങുക എന്നാണു്. ഇപ്പോൾ യാതനക്കാരുടെ കാലമാണു്. ഏതു കാര്യവും സത്യാഗ്രഹത്തിലെത്തുകയാണെങ്കിൽ അതു വിജയിക്കും. അതുകൊണ്ടു് തൊഴിലാളികളുടെ ആവശ്യങ്ങൾ നേരിട്ടന്നതിനു് സത്യാഗ്രഹത്തിലേയ്ക്കു് എത്തിക്കാൻ നോക്കേണ്ടതാണു്. അല്ലാതെ മി. ഡീവറും മി. കരുണാകരനും തൊഴിലാളികൾക്കു വേണ്ടി പ്രസംഗിച്ചാൽ മാത്രം പോരാ. മി. ഡീവറിന്റേയും മി. കരുണാകരന്റേയും പ്രസംഗങ്ങളും മുതലാളികളുടെ പേരുമാറ്റവും ബഹുമാനപ്പെട്ട ഇൻഡ്യാഗവൺമെന്റിന്റെ കുബേരപൂജാനയവും കണ്ടിട്ടു് എനിക്കു് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും സഹതാപമാണുണ്ടായതു്. സുപ്രസിദ്ധ തൊഴിലാളിപ്രവർത്തകന്മാർ പലരും പ്രസംഗങ്ങൾവഴി തൊഴിലാളികൾക്കു് ബോണസ്സു്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്. ഞാൻ കൊച്ചി നിയമസഭയിൽ—കൊച്ചി നിയമസഭ എന്നൊന്നുണ്ടായിരുന്ന കാലത്തു് – ബോണസ്സു കൊടുക്കുന്നതിനായിട്ടു് നിയമ സഭാസമ്മേളനത്തിൽ ആവശ്യപ്പെടുകയും തൊഴിൽനിയമത്തിനു എതാനും ഭേദഗതികളും അവതരിപ്പിക്കയും അവയെല്ലാം ശ്രീ. ഡീവറും ശ്രീ. കരുണാകരനും ഉൾപ്പടെ കോൺഗ്രസ്സുകാരുടെ എതിർപ്പിൽ തള്ളിപ്പോകയും ചെയ്തു. അന്നു് അതു് ഇൻഡ്യാഗവണ്മെണ്ടിന്റെ തീരുമാനമനുസരിച്ചാണു് ബോണസ്സു് വ്യവസ്ഥയില്ലാതെ നിയമമാക്കിയതു്. എന്നാൽ ഇതുവരെ തൊഴിലാളികൾക്കു് ബോണസ്സു് കൊടുക്കുന്നതിനു നിയമം ഭേദഗതി ചെയ്തിട്ടില്ല. ഇവിടെ ഒരു ഷാപ്പു് അസിസ്റ്റൻറ് ബിൽ പാസ്സായി. അതുസംബന്ധിച്ചുള്ള വർഗ്ഗകം നടപ്പിൽ വരുത്തുന്നതിനു വളരെ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. ഇവിടെ വർഗ്ഗകളുണ്ടാക്കുന്നതിനാണെങ്കിൽ ലീഗൽ റിമെമ്പ്രൻസർ, ലാ സിക്രട്ടറി, അഡ്വക്കേറ്റു് ജനറൽ എന്നിങ്ങനെ അനവധി ഉദ്യോഗസ്ഥന്മാരുണ്ടു്. എന്നിട്ടുകൂടി ഈ വർഗ്ഗകം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല.

അടുത്തതായി, മി. അഴകപ്പാച്ചെട്ടിയാർ കുറെ നാളുകളായി അദ്ദേഹത്തിന്റെ മിൽ പൂട്ടി ഇടുകയും അതിനു ശേഷം ഗവണ്മെണ്ടിലേയ്ക്കു് ഒരു ലോൺ ആവശ്യപ്പെടുകയും ഉണ്ടായി. അപ്പോൾ ചില പ്രമുഖഉദ്യോഗസ്ഥന്മാരുടെ മക്കൾക്കു് ഉദ്യോഗം കൊടുക്കണമെന്നും മറ്റും വ്യാമോഹിക്കയുണ്ടായത്രേ. അദ്ദേഹം ഒടുവിലായനികുതിയും സൂപ്പർടാക്സുംകൂടി ഒരു ലക്ഷം രൂപാ ഗവണ്മെണ്ടിലേയ്ക്കു കൊടുക്കാനുണ്ടു്. ഞാൻ പറയുന്നതു് അദ്ദേഹത്തിന്റെ വകയായ Textile മിസ്സു് നാഷണലൈസു് ചെയ്യണമെന്നാണു്. എങ്ങിനെയായാലും വേലം വിളിച്ചാൽ പത്തു ലക്ഷം രൂപാ കിട്ടുന്നതാണു്. എന്നിട്ടു് ഗവണ്മെണ്ടു് അതു നടത്തണം. അതിനൊന്നും ഈ സാധുക്കളുടെ എന്തു നടിക്കുന്ന ഗവണ്മെണ്ടിനെ നയിക്കാൻ നമ്മുടെ തൊഴിലാളിപ്രേമക്കാർ ശ്രമിച്ചുനോക്കുന്നില്ല. വാസ്തവത്തിൽ ഇവരെല്ലാം മുതലാളിപ്രേമക്കാരാണെന്നു് പച്ചയ്ക്കു കാണിക്കുന്നതു് ഈ വക പ്രവൃത്തികളും നിമിത്തമാണു്.

വേറൊരുദാഹരണം ഞാൻ പറയാം. ഈ ഗവണ്മെണ്ടു് ബാർബർ തൊഴിലാളികളോടു വളരെ ദ്രോഹമാണു് ചെയ്യുന്നതു്. ഇവിടെ സേഫ്ടി റേസർ വരുത്താൻ അനുവദിക്കുന്നതാണു് അതിനു കാരണം. നമ്മുടെ മി.വർഗ്ഗീസും മി. പാച്ചുപിള്ളയും അവരെ ദ്രോഹിക്കുകയാണു്. നിയമസഭയിലെ മെമ്പറന്മാരും മന്ത്രിമാരും സേഫ്ടി റേസർ ഉപയോഗിക്കുന്നവരാണു്. അങ്ങിനെ ബാർബർ തൊഴിലാളികൾക്കു തൊഴിലില്ലായ്മ നേരിട്ടിരിക്കുന്നു. അതിനു കാരണമാക്കിയ സേഫ്ടി റേസർ ഇവിടെ ഇറക്കുമതി ചെയ്യാതിരുന്നാൽ അതു് ഒരു ചെറിയ കായ്മാണെന്നു് ഞാനും കരുതുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും സേഫ്ടി റേസർ ഉപയോഗിക്കരുതെന്നു് പറഞ്ഞാൽ എല്ലാവരും ബാർബേഴ്സിന്റെ അടുത്തു പോകും. അതുമൂലം അവരുടെ തൊഴിലില്ലായ്മയ്ക്കു ഒരു പരിഹാരമുണ്ടാകുകയും ചെയ്യും.

ഇനി ഒരു കായ്കൂടി എനിക്കു പറയാനുള്ളതു തൊഴിലാളിപ്രവർത്തനങ്ങൾക്കു് ആവശ്യമായ സൌകര്യം കൊടുക്കുന്നില്ലെന്നുള്ളതിനെക്കുറിച്ചാണു്. ലേബർ ഡിപ്പാർട്ടുമെണ്ടുദ്യോഗസ്ഥന്മാർക്കു് അതിനു വേണ്ടി പരിശീലനം കൊടുക്കേണ്ടതു് ആവശ്യമാണു്. ബോംബയിൽ അതിനു വേണ്ടി ഒമ്പതു മാസത്തെ ട്രെയിനിംഗു കൊടുക്കുന്നതിനു ഒരു ഇൻസ്റ്റിറ്റ്യൂഷൻ ഉള്ളതായി അറിഞ്ഞു. ഇവിടത്തെ റിട്രെഞ്ചു ചെയ്യാൻ പോകുന്ന കുറെ ബി. എ. ക്കാരെ അങ്ങോട്ടയച്ചു് എട്ടോ ഒമ്പതോ മാസത്തെ ട്രെയിനിംഗു് കഴിച്ചുവരുകയാണെങ്കിൽ പിന്നെ അവർക്കു മറ്റുള്ളവർക്കു പരിശീലനം കൊടുക്കുവാൻ സാധിക്കും. ഇങ്ങനെ വിദ്യാഭ്യാസവും സംസ്കാരവും ഇല്ലാത്ത ആളുകളെ അവർ വല്ല കമ്മ്യൂണിസ്റ്റോ മറ്റേതെങ്കിലും ഇസ്റ്റോ ആകാതെ രാജ്യത്തിനു കുഴപ്പവും ഉണ്ടാക്കാതിരിക്കുന്നതിനു സംഘടിപ്പിക്കുന്നതിനു സാധിക്കുന്നതാണു്. ഇതിലേയ്ക്കു വേണ്ട പ്രവർത്തനങ്ങളും ഗവണ്മെണ്ടു് ചെയ്യേണ്ടതാണു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദു് : സർ, ഇവിടത്തെ ഗവണ്മെണ്ടിന്റെ തൊഴിലാളിനയത്തെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നതു്. ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെണ്ടിനെക്കുറിച്ചു രണ്ടു വാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഈ രാജ്യത്തെ തൊഴിലാളിഡിപ്പാർട്ടുമെണ്ടിന്റെ സംഘടനയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും അടുത്തു പരിചയമുള്ള എനിക്കു പറയുവാനുള്ളതു ആരോഗ്യപരമായ ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾക്കു് അവ തീരെ ഉപകരിച്ചിട്ടില്ലെന്നാണു്. ഇൻഡ്യയിലെ മറ്റുഭാഗങ്ങളിലെ തൊഴിലാളിഡിപ്പാർട്ടുമെണ്ടുകളും പരിശോധിച്ചാൽ, ഇവിടത്തെ ഡിപ്പാർട്ടുമെണ്ടു് ഏറ്റവും കാര്യക്ഷമതയായി

LIBRARY ARCHIVES Kerala Legislative Assembly

[Sahib Bahdur K. A. Mohammed]

ട്ടാണ പ്രവത്തിക്കുന്നതെന്ന പറയുന്നതിൽ വലിയ അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. ഇവിടത്തെ തൊഴിലാളിഡിപ്പാർട്ടുമെണ്ടിലെ പ്രവത്തകന്മാർ ഈ രാജ്യത്തെ തൊഴിലാളിപ്രസ്ഥാനങ്ങളുമായി വളരെ പരിചയമുള്ളവരും ഇവിടത്തെ തൊഴിലാളിപ്രവത്തനങ്ങളെപ്പറ്റി വേണ്ടവിധം പഠിച്ചിട്ടുള്ളവരുമാണ. അതാണ് മറ്റു ഡിപ്പാർട്ടുമെണ്ടുകളെ അപേക്ഷിച്ച് ഇവക്കുള്ള ഒരു വ്യത്യാസം. സാധാരണയായി ഇവിടത്തെ ഉദ്യോഗസ്ഥന്മാരിൽ കാണാവുള്ള അധികാരപ്രമത്തത ഈ അധികാരികൾക്കില്ല. എന്നാൽ ഇവിടത്തെ ഈ തൊഴിലാളി ഡിപ്പാർട്ടുമെണ്ടിന്റെ ഇന്നത്തെ പ്രവത്തനത്തെപ്പറ്റി സൂക്ഷ്മമായി പരിശോധിക്കുന്നപക്ഷം എവിടെയെങ്കിലും വല്ല തൊഴിൽത്തക്കം ഉണ്ടായാൽ അതു പറഞ്ഞുതീർക്കുക എന്നമാത്രമേ ഈ ഉദ്യോഗസ്ഥന്മാക്ക് ജോലിയുള്ളുവെന്നു കാണുന്നു. ഇതേവരെ ഈ ഉദ്യോഗസ്ഥന്മാർ തൊഴിലാളികളുടെ വെൽഫയറിനു വേണ്ടിയും അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനു വേണ്ടിയും വേണ്ടത്ര അനേഷണം നടത്തുന്ന കാര്യത്തിൽ സാധാരണ മറ്റു രാജ്യങ്ങളിലെ തൊഴിലാളി ഡിപ്പാർട്ടുമെണ്ടു പ്രവത്തിക്കാവുള്ളതുപോലെ അത്ര കാര്യക്ഷമമായി പ്രവത്തിച്ചുവരുന്നില്ല.

ഈ രാജ്യത്തു എത്ര ആളുകൾക്കു തൊഴിലുണ്ടു, എത്രയാളുകൾക്കു തൊഴിലില്ല എതെല്ലാം കാലത്തു എതെല്ലാം തരത്തിലുള്ള തൊഴിലാളികൾക്കു തൊഴിലില്ലാതെയാകും, എന്നാണ് ഇവക്ക് തൊഴിലുണ്ടാവുക എന്നുള്ള യാതൊരു കണക്കുകളോ വിവരങ്ങളോ ഇതുവരെ ശേഖരിച്ചിട്ടില്ല. തൊഴിലാളികളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കു ശേഖരിച്ച് അവരെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുന്നതിനു ലേബർ ഡിപ്പാർട്ടുമെണ്ടു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഒരു കാര്യം ഞാൻ ലേബർമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളട്ടെ. ഇവിടെ തൊഴിലില്ലായ്മ പലവിധത്തിൽ ഉണ്ടാകുന്നുണ്ട്. ഉദാഹരണമായി അഴകപ്പാടെക്സ്റ്റൈൽസ്, മതലാളിയുടെ കഴിവുകേടുകൊണ്ടു പൂട്ടിയിരിക്കുന്നു. കൊല്ലത്തു എ. ഡി. കോട്ടൺമിൽ പഞ്ഞിയില്ലാത്തതുകൊണ്ടു പ്രവത്തനം തുടരാൻ വിഷമമായിരിക്കുന്നു. ഇതിൽനിന്നും വളരെ വ്യത്യസ്തമായ ഒരു നിലയിലാണ് ചവറയിലെ എ. എം. സി. പ്രവത്തനം നിറുത്തിവച്ചിരിക്കുന്നതു്. ഈ മിനറൽസുകമ്പനി അവിടുത്തെ പേക്കു തൊഴിൽ കൊടുത്തുകൊണ്ടിരുന്നു. അവിടെനിന്നും ഇൽമിനൈറ്റു മണൽ ഒരു അത്യാവശ്യസാധനമായി മറുനാടുകളിൽ അയച്ചുകൊണ്ടിരുന്നു. ആ കമ്പനി എന്തിനാണു കഴിഞ്ഞ ഫ ഫ മാസമായി പൂട്ടിയിട്ടിരിക്കുന്നതു്? ഇങ്ങനെ അവിചാരിതമായും, മനഃപൂവ്വമായും തൊഴിലില്ലായ്മ ഉണ്ടാക്കുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞതു്. ഈ തൊഴിലില്ലായ്മ മനഃപൂവ്വം ഉണ്ടാക്കുന്നതാണ്. ഇതിനു് പരിഹാരം കണ്ടുപിടിക്കുന്നതിനു ശവമ്മെണ്ടിനു യാതൊരു പ്രയാസവുമില്ല. ഈ കാര്യത്തിൽ ശവമ്മെണ്ടു മൌനം അവലംബിക്കുന്നതു വലിയ അപരാധമാണ്.

മറെറാരു കാര്യംകൂടി പറയുവാനുണ്ടു്. ഇന്നു ലേബർ ഡിപ്പാർട്ടുമെണ്ടു ഉദ്യോഗസ്ഥന്മാർ ടെയിഡു യൂണിയനുകൾക്കു അവരുടെ വെൽഫെയറിനു ഉതകുന്നതായ വല്ല ഉപദേശങ്ങളും കൊടുക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തു ഉപദേശങ്ങളാണു കൊടുക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

ഒരു പോയിൻറുകൂടിപറയാനുള്ളതു് ഇന്നു ടെയിഡു യൂണിയൻസു് റജിസ്റ്റർ ചെയ്തുകൊടുക്കുന്ന രീതിയെസംബന്ധിച്ചാണ്. അതുപറ്റി എനിക്കു പറയാനുള്ളതു ഏതെങ്കിലും വ്യവസായത്തിൽപ്പെട്ട തൊഴിലാളികൾക്കു ഒരു യൂണിയൻ ഉള്ളപ്പോൾ മറെറാരു യൂണിയൻ റജിസ്റ്റർ ചെയ്തുകൊടുക്കാൻ പാടില്ലെന്നാണ്. അതിനു നിയമവ്യവസ്ഥയുണ്ടു്. എന്നാൽ രാഷ്ട്രീയമായ കാരണങ്ങളാൽ അഞ്ചോ ആറോ ആളുകൾക്കുടി ഒരു യൂണിയൻ ആവശ്യമാണെന്നു കമ്മിറിറിക്കുടി അപേക്ഷിച്ചാൽ ഒരു ടേഡ്യൂണിയൻ വീണ്ടും റജിസ്റ്റർ ചെയ്തുകൊടുക്കുന്ന പതിവു സാധാരണയായി കണ്ടുവരുന്നുണ്ടു്. അങ്ങനെ യൂണിയൻസു റജിസ്റ്റർചെയ്തുകൊടുക്കുന്നതുമൂലം രാഷ്ട്രീയമായ കാരണങ്ങളാലുംമറും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാകുകയും തൻമൂലം സ്വൈരക്കേടു ഉണ്ടാകുന്നതിനു ഇടയാകുകയും ചെയ്യുന്നു. ടേഡ് യൂണിയൻ ആക്ടനുസരിച്ചു ടേഡ്യൂണിയൻ റജിസ്റ്റർചെയ്തുകൊടുക്കുമ്പോൾ വേണ്ടത്ര അനേഷണം നടത്തി, അതു തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയാണെന്നുഡിപ്പാർട്ടുമെണ്ടിനു പൂർണ്ണബോദ്ധ്യം വന്നുവെങ്കിൽ മാത്രമേ അങ്ങനെ റജിസ്റ്റർ ചെയ്തുകൊടുക്കുവാൻ പാടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: On a point of order. പ്രസംഗിച്ചിട്ടുള്ളവക്കുതന്നെ പിന്നേയും പ്രസംഗിക്കുവാൻ സഭകയ്യും നൽകുന്ന രീതി ശരിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: മി. കേശവൻശാസ്ത്രിക്ക് പ്രസംഗിക്കാം.

ശ്രീ. സി. സി. പ്രസാദ്: ഇങ്ങനെ പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നവക്കുമാത്രമെ പ്രസംഗിക്കാൻ അനുവാദമുള്ളോ എന്നറിഞ്ഞാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ശാസ്ത്രി.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഈ ഉപക്ഷേപത്തിൻെറ തത്വത്തെ അനുകൂലിക്കുന്നു. ഈ പ്രശ്നത്തിൻെറ പ്രാധാന്യത്തെക്കുറിക്കുന്ന വളരെ കാര്യങ്ങൾ പറയാൻ എനിക്കാഗ്രഹമുണ്ട്. തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിന് നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നിയമത്തിന് വിധേയരായ ആളുകളെയാണ് തൊഴിലാളികൾ എന്ന് വിവക്ഷിക്കപ്പെട്ടുന്നത്. ഈ മാതിരി നിയമങ്ങൾ മുഖേന തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും, അവരുടെ അവശതകൾ പരിഹരിക്കുന്നതിലും ഗവൺമെണ്ടിനെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

എന്നാൽ ഇന്നു നടപ്പിലിരിക്കുന്ന നിയമങ്ങൾക്ക് വിധേയരല്ലാത്ത അനവധി കൂലിവേലക്കാരും കർഷകതൊഴിലാളികളും അനുഭവിക്കുന്ന അവശതകൾ ഗവൺമെണ്ടിൻെറയും ഈ സഭയുടേയും അടിയന്തിരമായ ആലോചനയ്ക്കു വിഷയമാകേണ്ട ഒരു സംഗതിയാണ്. സമയക്ലിപ്തംകൊണ്ട് അവയെല്ലാം വിവരിച്ച് പറയുന്നതിനു നിവൃത്തിയില്ല. ഒരു പ്രധാനജനവിഭാഗമാണ് കൂലിവേലക്കാരും കർഷകതൊഴിലാളികളും. ഇവർക്കും നിയമം വേണം ഇവരും ഉദ്ധരിക്കപ്പെടേണ്ടവരാണ്. ഞാൻ പലപ്രാവശ്യവും ഈ പ്രശ്നത്തെപ്പറ്റി ഗവൺമെണ്ടിനെ അറിയിച്ചിട്ടുള്ളതാണ്.

സർ, കഴിഞ്ഞ ഇരുപതു് സംവത്സരക്കാലം തിരുവിതാംകൂർ നിയമസഭയിലെ ഒരു സാമാജികനായിരുന്ന എനിക്ക്, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ള നയത്തെപ്പറ്റി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കൂലിവേലക്കാരായ സാക്ഷാൽ കർഷകരായ തൊഴിലാളികളെ സംബന്ധിച്ച് ഇതേവരെ യാതൊരു നിയമനിർമ്മാണവും ചെയ്യുന്നതിനു് ഗവൺമെൻറ് ശ്രദ്ധിച്ചിട്ടില്ല. എനിക്ക് ഇവിടെ പറയുവാനുള്ളതു് ഇവിടത്തെ തൊഴിലാളികൾക്ക വേണ്ട പരിരക്ഷകൾ ചെയ്യുന്നതോടുകൂടി ഈ കൂലിവേലക്കാരായ തൊഴിലാളികളുടെ കാര്യത്തിലും ഒരു സമാധാനം ഉണ്ടാക്കണമെന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയുന്നതിനുള്ള, സമയമാകയാൽ ഞാൻ അദ്ദേഹത്തെ പ്രസംഗത്തിനു് ക്ഷണിക്കുന്നു.

ശ്രീ. സി. സി. പ്രസാദ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവിടെ കടമോഷൻ അയക്കാത്ത മെമ്പർമാർക്കും സംസാരിക്കുവാൻ അവകാശമുണ്ട്. അതുകൊണ്ട് എനിക്കും പ്രസംഗിക്കുവാൻ അനുവാദം തന്നാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി ബഹുമാനപ്പെട്ട മന്ത്രിയ്ക്കു മറുപടി പറയാൻ മാത്രമെ സമയമുള്ളൂ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ഗവൺമെണ്ടിൻെറ തൊഴിലാളി നയം എന്താണെന്നുള്ളതിനെക്കുറിച്ച് സംസാരിച്ച പല മെമ്പർമാരും തൊഴിലാളി നയം ഒന്നും ഇല്ലാതെ ഈ ഗവൺമെൻറ് മുന്നോട്ടുപോകയാണെന്നും, ഈ രാജ്യത്തു മുഴുവനും തൊഴിലാളിസ്വൈരക്കേടും, കഴപ്പുവും നടക്കുകയാണെന്നും, തൊഴിൽ കഴപ്പങ്ങൾ ഉണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം തൊഴിലാളികളെ മർദ്ദിക്കുവാനും മുതലാളികളെ പ്രീണിപ്പിക്കുവാനും ഒരു പൊട്ടന്ന ഒരു ഗവൺമെണ്ടാണ് ഇതെന്നും ഒക്കെയുള്ള വാദങ്ങളാണ് ഇവിടെ ഉന്നയിച്ചതു്. ഈ നിലയിൽ വീക്ഷിക്കത്തക്ക സംഗതികളോ സംവേദങ്ങളോ ഒന്നും ഈ രാജ്യത്തു ഉണ്ടായിട്ടില്ല. ഇൻഡ്യയിൽ കോൺഗ്രസ്സ് ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളിക്കായ്ക്കളിൽ വ്യക്തമായ ഒരു നില കൈക്കൊണ്ടിട്ടുണ്ട്. അവയെന്താണെന്ന് ഇതിനകം പലർക്കും അറിയുവാൻ കഴിഞ്ഞതിട്ടുണ്ട്. തൊഴിലാളികൾക്ക് അവരുടെ മുതലാളികളിൽനിന്നു് കിട്ടുവാനുള്ള അവകാശങ്ങൾ സമ്പാദിക്കുവാനും അവക്ക് ഏ അവകാശങ്ങൾ സമ്പാദിച്ചു കൊടുക്കുവാനും അധികാരശക്തിയില്ലാതിരുന്ന കാലത്തു തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

ളെ സംഘടിപ്പിച്ചു സ്ട്രൈക്കുകൾ നടത്തുവാനും കോൺഗ്രസ്സ് പ്രയത്നിച്ചിരുന്നു. അങ്ങനെ പല സ്ട്രൈക്കുകളും നടത്തിയിട്ടുണ്ടല്ലോ. എന്നാൽ ഈ സ്ട്രൈക്കുകൾ നടത്തുന്നതു് തൊഴിലാളികളുടെ പരമോദ്ദേശമല്ലെന്നും, സ്ട്രൈക്കുകൾനടത്തുന്നതു് അവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനുള്ള ഉപാധിമാത്രമായിട്ടാണെന്നും, ആ ആവശ്യം സാധിക്കുവാൻ വേണ്ട എപ്പാടുകൾ സ്റ്റോപ്പ് ചെയ്തുകൊടുക്കുകയാണെങ്കിൽ സ്ട്രൈക്കു് ചെയ്യേണ്ട അവശ്യമില്ലെന്നും, സമാധാന എപ്പാടുകൾ ഫലപ്രദമായില്ലെങ്കിൽ മാത്രമെ സ്ട്രൈക്കു് ചെയ്യേണ്ടതുള്ളുവെന്നും, കോൺഗ്രസ്സു് ഗവണ്മെൻറു് തൊഴിലാളിക്കായ്ത്തിൽ താല്പര്യക്കാരാണെന്നും, കഴിഞ്ഞ മൂന്നു കൊല്ലമായിട്ടു് ഇൻഡ്യയിലെ ലേബർ മിനിസ്ട്രിയിൽനിന്നും ഉണ്ടായിട്ടുള്ള നിയമങ്ങളെല്ലാം അതിനെ ഉദ്ദേശിച്ചുള്ളവയാണെന്നും എല്ലാവർക്കും അറിയാം. തിരുവിതാംകൂറും കൊച്ചിയും പുതിയ കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു് ഇൻഡ്യയുടെ ഉപഘടകമാകുന്നതിനുമുമ്പു് ആ വിധത്തിലുള്ള നിയമങ്ങളും ഈ രാജ്യത്തും പ്രവർത്തിച്ചുകൊണ്ടിരുന്നു. അതിൻറെ ഫലമായിട്ടു് കഴിഞ്ഞ ഒരു കൊല്ലത്തെ കണക്കു നോക്കുകയാണെങ്കിൽ, അതായതു് ൧൯൪൯-ലെ കണക്കു നോക്കുകയാണെങ്കിൽ ഈ ബഹുമാനപ്പെട്ട സഭയിലെ അംഗങ്ങളുടെ ദൃഷ്ടിക്കു് വിഷയീഭവിക്കാതെ, ഈ നാട്ടിലെ പത്രങ്ങൾക്കും ഈ നാട്ടിലെ പത്രാധിപ്പോട്ടുകൾക്കും വിഷയമാകാതെ എത്രയോ തൊഴിൽശാലകളിൽ നമ്മുടെ ലേബർ ഡിപ്പാർട്ടുമെണ്ടിൻറെ പ്രയത്നഫലമായി എത്രയോ തൊഴിൽ തർക്കങ്ങൾ തീർത്തിട്ടുണ്ടു് എന്നു കാണാം. തീർക്കുന്ന തൊഴിലാളി തർക്കങ്ങളെല്ലാം ഒരുപോലെ പ്രാധാന്യമേറിയതല്ല. അതിൽ പലതും ഇവിടത്തെ പത്രാധിപ്പോർട്ടുകൾക്കു് വിഷയമാകുന്നതല്ല. അതിൽ പലതും ഈ നിയമസഭയിൽ വാദപ്രതിവാദത്തിനു് വിഷയമായിട്ടില്ല. അതുകൊണ്ടാണു് അവയൊന്നും പുറത്തറിയാത്തതു്. ആയിരക്കണക്കിൽ അങ്ങിനെയുള്ള തൊഴിലാളി കാര്യങ്ങൾ സമാധാനത്തിൽ തീർക്കുന്ന നടപടികൾ നടന്നുകൊണ്ടിരിക്കെ ഏതാനും ചില കേസ്സിൽ അതു് ഫലപ്രദമായിട്ടില്ലെന്നറിഞ്ഞുകൊണ്ടു് അതൊക്കെ പരിതാപകരമായ വിമർശനങ്ങൾക്കു് വിധേയമാക്കുന്നു. ബഹുമാനപ്പെട്ട ഈ നിയമസഭയുടെ അറിവിനുവേണ്ടി തൊഴിൽതർക്കങ്ങൾ തീർത്തതിൻറെ കണക്കുകളിൽ ചിലതു് ഞാനിവിടെ വായിക്കാം. ൧൯൪൯-ൽ തിരുവിതാംകൂർ ഏറിയായിൽ ൧,൦൩൭ തൊഴിൽതർക്കങ്ങൾ ലേബർ ഡിപ്പാർട്ടുമെണ്ടിൽ നിന്നു് തീർത്തിട്ടുണ്ടു്. കൊച്ചിൻ ഏറിയായിൽ ൧൯൪൯-ൽ ൩൦൩ തൊഴിൽതർക്കങ്ങളും തീർത്തിട്ടുണ്ടു്. ഇതിനുപുറമെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടു് ആക്ടു്, അഡ്ജൂഡിക്കേഷൻ പ്രോസ്മേഷൻ ഇവയനുസരിച്ചു് ലേബർ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ സ്വയാധികാരം ഉപയോഗിച്ചു തീർത്ത തർക്കങ്ങൾ വേറാളമുണ്ടു്. ൧൯൪൯-ലെ ഒരു കൊല്ലത്തിൽ തിരുവിതാംകൂറിലും കൊച്ചിയിലുമായിട്ടു് ലേബർ ഡിപ്പാർട്ടുമെണ്ടിൽ നിന്നും ആകെ ൧,൩൪൦ തൊഴിൽതർക്കങ്ങൾ തീർത്തിട്ടുണ്ടു്.

ലേബർ ഡിപ്പാർട്ടുമെണ്ടിൽനിന്നു് തീർക്കുവാൻ സാധിക്കാത്ത തൊഴിൽ തർക്കങ്ങളിൽ ഒരു തീരുമാനം ഉണ്ടാക്കുന്നതിനു് രണ്ടു് അഡ്ജൂഡിക്കേഷൻ കോടതികളും തിരുവിതാംകൂറിലും കൊച്ചിയിലും ഓരോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ചില കാര്യങ്ങളിൽ ട്രൈബ്യൂണലിനെപ്പറ്റി അതൃപ്തിയുണ്ടു്. ആ അതൃപ്തി അവർ ന്യായം ചെയ്യുന്നില്ല എന്ന കാര്യത്തിലല്ല. ഇന്നു് വളരെ അധികം കേസ്സുകൾ ട്രൈബ്യൂണലിലേയ്ക്കു് പോകുന്നുണ്ടു്. അഡ്ജൂഡിക്കേഷൻറെ വ്യവസ്ഥയിൽ തൊഴിലാളികൾക്കു് വലിയ തൃപ്തിയില്ലെന്നു് പറയുകയുണ്ടായി. തൃപ്തിയില്ലെങ്കിൽ അതു് ആരുടേയും തലയിൽ വച്ചുകെട്ടുന്നില്ല. ഏതു തൊഴിലാളി പ്രതിനിധികളാണു് തങ്ങളുടെ തർക്കം അഡ്ജൂഡിക്കേഷനു് വയ്ക്കണമെന്നു് പറഞ്ഞു ഗവണ്മെണ്ടിൻറെ അടുത്തു നിവേദനവുമായി വരുന്നതു് എന്നുള്ളതിനു് കണക്കില്ല. വളരെ അധികം തൊഴിൽ തർക്കങ്ങൾ അഡ്ജൂഡിക്കേഷൻറെ തീരുമാനത്തിനു് വിട്ടിട്ടുണ്ടു്. അതിൻറെ ഫലമായിട്ടു ട്രൈബ്യൂണലിൽതന്നെ കേസ്സു തീരാത്ത വിധം വളരെ അധികം പെരുകിയിട്ടുണ്ടു്. അങ്ങനെ പെരുകിയതിൻറെ ഫലമായി കേസുകൾതീരുമാനമുണ്ടാക്കുന്നതിനു് കാലതാമസം നേരിട്ടു. കാലതാമസം നേരിടാതെ കേസ്സുകൾ വേഗം അവസാനിപ്പിക്കുന്നതിൻറെ സൗകര്യത്തിനുവേണ്ടി ഒരു ട്രൈബ്യൂണൽകൂടി വച്ചിട്ടുണ്ടു്. ഇപ്പോൾ തിരുവിതാംകൂറിലും കൊച്ചിയിലുമായി മൂന്നു് ട്രൈബ്യൂണലുകൾ പ്രവൃത്തി എടുക്കുന്നുണ്ടു്. ഈ ട്രൈബ്യൂണലുകളിലെ വാദങ്ങൾ അനുസരിച്ചുണ്ടാകുന്ന വിധികൾ ഒന്നൊന്നായി നടപ്പിലാക്കാതെ ഇരുന്നിട്ടില്ല. ഒരു കേസ്സിൽ മാത്രമാണു് ഒരു മത

LIBRARY ARCHIVES Kerala Legislative Assembly

ലാളി ഒരു വിധി നടപ്പിലാക്കുവാൻ വിസമ്മതം പ്രകടിപ്പിച്ചതു്. അതു് തിരുവനന്തപുരം മസ്ക്കാട്ട് ഹോട്ടലിലെ മുതലാളിയാണു്. മസ്ക്കാട്ട് ഹോട്ടലിലെ തൊഴിലാളികളും അതിന്റെ ഉടമസ്ഥനും തമ്മിലുള്ള ഒരു തൊഴിൽതർക്കം തീയിരുന്ന അതു്. ആ തൊഴിൽതർക്കം കൈമ്പ്യൂണലിന്റെ വിധിയനുസരിച്ചു് നടപ്പാക്കുന്നതിനു് മുതലാളി കൂട്ടാക്കുന്നില്ല എന്നുള്ള വിവരം ഗവണ്മെണ്ടിനു് കിട്ടിയ ഉടനെ ആ മുതലാളിയുടെ പേരിൽ പ്രാസിക്യൂഷനു് നടപടി എടുക്കുകയും പ്രാസിക്യൂട്ട ചെയ്യുകയും ചെയ്തു. അതിനുശേഷം ആ വിധി അനുസരിച്ചു കാര്യങ്ങൾ നടത്താമെന്നു് മുതലാളി സമ്മതിച്ചതനുസരിച്ചു തർക്കങ്ങൾ തീർക്കുകയും പ്രാസിക്യൂഷൻ പിൻവലിക്കുകയും ചെയ്തു. ഇവിടെ സാമാന്യമായി മുതലാളിയും തൊഴിലാളിയും തമ്മിൽ തർക്കമുണ്ടാകുമ്പോൾ മുതലാളിയുടെ നേരെ കൈമ്പ്യൂണലിന്റെ വിധിയനുസരിച്ചു് നടപടി എടുക്കുവാൻ ഗവണ്മെൻറു് നിർബ്ബന്ധിക്കുന്നില്ല എന്നു പറഞ്ഞതു് എത്രയും അടിസ്ഥാനരഹിതമാണു്.

രണ്ടു് ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു അലൈഡ് ഇൻഡസ്ട്രിസിന്റെ കാര്യം പറഞ്ഞു. ഇവിടെ പ്രസ്താവിച്ചതു് വളരെ നാളുകളായി അവിടെ നടക്കുന്ന സ്ട്രൈക്കിന്റെയും ലാക്കൗട്ടിന്റെയും കാര്യത്തിൽ ഗവണ്മെൻറു് അനാസ്ഥ പ്രകടിപ്പിച്ചു എന്നാണു്. അവിടെ ഒരു സ്ട്രൈക്കും ലാക്കൗട്ടും നടത്തിയതായി ലേബർ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ വന്നപ്പോൾ ഉടനെതന്നെ ലാക്കൗട്ടു് അവസാനിപ്പിക്കണമെന്നു് അതിന്റെ മാനേജുമെണ്ടിനു് കമ്പിയടിച്ചു. അതു് ഫലപ്പെട്ടില്ലെന്നു കണ്ടപ്പോൾ ഞാനൊരു കാൺഫറൻസു് വിളിച്ചുകൂട്ടുകയും അതിലെ തീരുമാനവും ഫലമില്ലെന്നു കണ്ടപ്പോൾ സ്ട്രൈക്കും ലാക്കൗട്ടും നിയമവിരോധമാണെന്നു് പ്രഖ്യാപിക്കുകയും ചെയ്തു. അതു് കഴിഞ്ഞതിട്ട ഇന്നേയ്ക്കു മുന്നോ നാലോ ദിവസമേ ആയിട്ടുള്ളു. അതു് കഴിഞ്ഞതിട്ട ഞാൻ ഈ അസംബ്ലി ഹാളിലേയ്ക്കു് വന്നപ്പോൾ ചില തൊഴിലാളികൾ എന്നെ കണ്ടു് തങ്ങളുടെ സ്ട്രൈക്കു് പിൻവലിച്ചു എന്നും മുതലാളി ലാക്കൗട്ടു പിൻവലിച്ചിട്ടില്ലെന്നും എന്നോടു പറഞ്ഞു. അതു് ഇന്നോ ഇന്നലേയോ നടന്ന കാര്യമാണു്. അതിൽ ഗവണ്മെൻറു് നടപടി എടുക്കുന്നതാണു്. അഡ്ജൂഡിക്കേഷന്റെ തീരുമാനം നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറു് മെഷനം ദീക്ഷിക്കുമെന്നു് വിചാരിക്കുന്നതു് ഈ ഗവണ്മെണ്ടിനോടു് ചെയ്യുന്ന ഏറ്റവും വലിയ നീതികേടാണെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതാണു് ഗവണ്മെണ്ടിന്റെ തൊഴിൽ നയം.

ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പാച്ചുപിള്ള പ്ലാൻേറഷൻ തൊഴിലാളികളുടെ കാര്യം പറഞ്ഞു. പ്ലാൻേറഷൻ തൊഴിലാളികളുടെ കാര്യത്തിൽ മറ്റു തൊഴിലാളികളുടെ കാര്യത്തിൽ എടുത്തപോലെ ശ്രദ്ധ ലേബർ ഡിപ്പാർട്ടുമെണ്ടിൽ നിന്നു് ചെലുത്തുകയുണ്ടായിട്ടില്ലെന്നു് അദ്ദേഹത്തോടൊപ്പം ഞാനും സമ്മതിക്കുന്നു. അവക്കുവേണ്ടി ഉടനെ ഗവണ്മെണ്ടു് നടപടി എടുക്കുന്നതാണു്. കൊച്ചിയിലാണെങ്കിൽ അവിടത്തെ ഒരു അഡ്ജൂഡിക്കേറ്റർ വിധിച്ചതു് പ്ലാൻേറഷൻ തൊഴിലാളികളും മുതലാളികളും തമ്മിൽ തർക്കമുണ്ടായാൽ അതു് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട ആകയില്ലെന്നാണു്. അതിനു് തിരുവിതാംകൂറിലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് കൊച്ചിയിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയോ കൊച്ചിയിലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ പരിധിയിൽ പ്ലാൻേറഷൻ തൊഴിലാളികളും കൂടി ഉൾപ്പെടുത്തുമെന്നു് ഒരു ഓർഡിനൻസു് പുറപ്പെടുവിക്കുകയോ ചെയ്യുന്നതാണു്. പ്ലാൻേറഷൻ തൊഴിലാളികളെ സംബന്ധിക്കുന്ന ഒരു ലേബർ കോഡു് ഉണ്ടാക്കുന്നതിനു് ഇൻഡ്യാ ഗവണ്മെൻറു് നടപടി എടുത്തുവരുന്നുണ്ടു്. അതു കൺകറൻറു് ലിസ്റ്റിൽപെട്ട ഒരു വിഷയമായതുകൊണ്ടു് നമുക്കും അതു് ബാധകമായിരിക്കും.

അങ്ങനെയിരിക്കുന്ന സ്ഥിതിക്കു് നമുക്കു് ഒരു പ്രത്യേക നടപടി നടത്തേണ്ട ആവശ്യമില്ലെന്നു് വിചാരിച്ചു് അതു ചെയ്യാതിരുന്നതാണു്. എന്റെ സ്നേഹിതൻ ശ്രീ. ഡീവർ പറയുകയുണ്ടായി പ്ലാൻേറഷൻ സംബന്ധിച്ചു് കൊച്ചിയിൽ പ്രത്യേക വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു്. കൊച്ചിയിലുള്ള വ്യവസ്ഥ ഒരു നിയമമല്ല. അതു് കേവലം ഒരു എഗ്രിമെൻറാണു്. ഏതാനും ദിവസങ്ങൾക്കു മുമ്പു് കാളിയ എസ്റ്റേറ്റിൽ തൊഴിലാളികളും മുതലാളികളും തമ്മിൽ ഒരു തൊഴിൽതർക്കമുണ്ടായി. വിവരമറിഞ്ഞു ലേബർ കമ്മിഷണരെ അങ്ങോട്ടേയ്ക്കു് അയയ്ക്കുകയും ഒരു ഒത്തുതീർപ്പിന്റെ ഫലമായി സമാധാനപ്പെടുകയും ചെയ്തു. അടുത്തുതന്നെ ഒന്നുരണ്ടു പ്ലാൻേറഷൻ തൊഴിലാളികളുടെ കാര്യങ്ങൾ നേരിട്ടു് മനസ്സിലാക്കുന്നതിനു് ഞാൻ തന്നെ സ്ഥലം സന്ദർശിക്കാമെന്നു വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon.]

മറെറാരു ബഹുമാനപ്പെട്ട മെമ്പറായ ശ്രീ. എ. കെ. പാച്ചുപിള്ള പറയുകയുണ്ടായി, തൊഴിലാളികൾക്ക് റേഷൻകാർഡ് അനുസരിച്ചു ആഹാരസാധനങ്ങൾ വിതരണം ചെയ്യുന്നില്ലായെന്നു്. ഈ സംഗതിയെപ്പററി എനിക്കു യാതൊരു അറിവുമില്ല. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ ഉത്തരവാദിത്വത്തോടുകൂടി പ്രസ്താവിച്ച സ്ഥിതിക്കു് ഉടനടി അന്വേഷണം നടത്തി പരിഹാരമുണ്ടാക്കുന്നതാണു്. ഇന്നത്തെ പദ്ധതിയനുസരിച്ചു തൊഴിലാളികളുടെ കയ്യിൽ റേഷൻ കൊടുക്കുന്നതിനു് പകരം മുതലാളിമാർ മുഖേനയാണു് റേഷൻ വിതരണം നിർവ്വഹിക്കുന്നതെന്നു് ഉണ്ടായിട്ടുള്ള പരാതിയും അന്വേഷിച്ചു വേണ്ടതു ചെയ്യുന്നതാണു്.

അടുത്ത ഏതാനും കാലമായി ഇൻഡ്യയിൽ പരുത്തിവ്യവസായം നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ടു്. ഈ വ്യവസായം ഇൻഡ്യയിൽ നടപ്പാക്കുന്നതു് തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാക്കുമെങ്കിലും അതു നിമിത്തം ചില തകരാറുകളും സംഭവിക്കാം. കുറെക്കാലത്തിനുമുമ്പു് മധുരമീനാക്ഷി മില്ലിൽ ഉണ്ടായ ലാക്കൌട്ടിനെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാരിൽ മിക്കവരും അറിഞ്ഞിരിക്കുമല്ലൊ. പരുത്തി വ്യവസായത്തിൽ പല കഴപ്പുണ്ടും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഷോളപ്പാ മിൽ പരുത്തി വ്യവസായത്തിനു അനുവാദം വേണമെന്നു് കാണിച്ചു ബോംബെ ഗവൺമെണ്ടിലേയ്ക്കു് എഴുതുകയും അനുവാദം കൊടുക്കുകയും ചെയ്തു. എന്നാൽ ഇതുവരെ ആ ഫാക്ടറി പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടില്ല. അഴകപ്പാ മിൽ, എ. ഡീ. കാട്ടൻ മിൽ ഈ രണ്ടു മില്ലുകളുടേയും ഉടമസ്ഥന്മാരെ വിളിച്ചു വരുത്തുകയും അവരോടു് പരുത്തി വ്യവസായം ചെയ്യുകയൊ അല്ലെങ്കിൽ ഒരു ക്ലിപ്തകാലത്തേയ്ക്കു മില്ലുകൾ പൂട്ടിയിടുകയൊ ചെയ്യണമെന്നു് ഗവർമ്മെണ്ടു് ആജ്ഞാപിക്കുകയും ചെയ്തു. എന്നാൽ മില്ലുകൾ പൂട്ടിയിടുന്നതുകൊണ്ടു് തൊഴിലാളികൾക്കു് തൊഴിൽവേതനം കൊടുക്കാൻ അവർ നിർബ്ബന്ധിതരാണു്. ഒരു തൊഴിലാളിയുടെ വേതനം ഒരു മാസത്തേയ്ക്കു് ഏ 6 രൂപയാണു്. എന്നാൽ ജോലിയില്ലാതെ ഈ വേതനം കമ്പനിക്കാർ നൽകുന്നതുകൊണ്ടു് മറെറ ചിലക്കു് അസൂയയും നൈരാശ്യവും ഉണ്ടായി. അഴകപ്പാ മില്ലിൽ തൊഴിലില്ലായ്മവേതനം കൊടുക്കാമെന്നു ഏറെ എങ്കിലും അതു് അനുസരിച്ചു പ്രവർത്തിച്ചിട്ടില്ല. മാത്രവുമല്ല, ഫാക്ടറി പൂട്ടിയിട്ടതുനിമിത്തം തൊഴിലാളികൾക്കു കുറെ കടിഞ്ഞിഷ്ടമുണ്ടായിട്ടുണ്ടു്. ഈ പരിതസ്ഥിതിയിൽ തൊഴിലാളികളെ സംബന്ധിച്ചു എന്താണു് ചെയ്യേണ്ടതെന്നു് ഗവൺമെണ്ടു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. 'ആലോചിച്ചുകൊണ്ടിരുന്നാൽ മതിയൊ'', ''തൊഴിലാളികൾ പട്ടിണിയാണല്ലൊ'' എന്നൊക്കെ പറഞ്ഞു ഗവൺമെണ്ടിനെ പരിഹസിക്കാം. ആ പരിഹാസത്തിൽ ദോഷൈകദൃക്കുകളുണ്ടാകുന്നുവെന്നു വിചാരിക്കേണ്ടാ. എനിക്കു ഒരിക്കലും ഈ കാര്യത്തെ സംബന്ധിച്ചു ദോഷൈകദൃക്കുകളാകയില്ല. തൊഴിലാളികളുടെ കഷ്ടപ്പാടുകളെ വിചാരിച്ചു കടമായിട്ടെങ്കിലും പണം കൊടുത്തു വ്യവസായശാല തുറപ്പിക്കണമെന്നു ഗവൺമെണ്ടിനാഗ്രഹമുണ്ടു്. എന്നാൽ അങ്ങനെ കടമായിക്കൊടുക്കുന്ന പണത്തിനുവേണ്ടിയുള്ള രക്ഷാവ്യവസ്ഥ ഇല്ലെന്നുള്ളതുകൊണ്ടാണു് ഗവൺമെണ്ടു് മടിക്കുന്നതു്. 5000 തൊഴിലാളികൾക്കുവേണ്ടി തൊഴിലിനുള്ള പരിരക്ഷണം ഉണ്ടാക്കിത്തരണമെന്നു് ഈ ഗവൺമെണ്ടു് ഇൻഡ്യാഗവൺമെണ്ടിനോടു് അപേക്ഷിച്ചിട്ടുണ്ടു്. ഇതിനുംപുറമെ മറെറല്ലാവിധത്തിലും തൊഴിലാളികൾക്കു വേണ്ടി പ്രവർത്തിക്കാൻ ഗവൺമെണ്ടു് ഒരുക്കമാണു്. അവസ്ഥ ഈ നിയമസഭയിൽനിന്നും ആരും തന്നെ നിർദ്ദേശവും സ്പീകായ്മാണു്.

മട്ടാഞ്ചേരിയിലെ തുറമുഖത്തൊഴിലാളികളെപ്പററി ശ്രീ. ഡീവർ പ്രസ്താവിച്ചു. ആ തൊഴിലാളികളെ നിയന്ത്രിക്കുന്നതും അവരുടെ ചുമതല വഹിക്കുന്നതും ഇൻഡ്യാ ഗവൺമെണ്ടാണു്. എങ്കിലും വില്ലിംഗ്ടൺ ഐലണ്ടിൽ തൊഴിൽ ചെയ്യുന്ന ആളുകളിൽ മട്ടാഞ്ചേരിയിലുള്ളവരാണു് കൂടുതലും. തൊഴിൽ തർക്കങ്ങളെപ്പററി റിപ്പോർട്ട ചെയ്യുന്നതിനായി ശ്രീ. ശങ്കരമേനോൻ അദ്ധ്യക്ഷനായും, ശ്രീ. ഡീവർ, ശ്രീ. സുലൈമാൻ ഇവർ അംഗങ്ങളായും ഒരു കമ്മറിറി രൂപീകരിച്ചിരിക്കുന്നു. ഈ വിവരം ശ്രീ. ഡീവർ നിഷേധിക്കയില്ലെന്നു വിചാരിക്കുന്നു. ആ കമ്മിറിറിയുടെ റിപ്പോർട്ടും ശുപാർശയും അനുസരിച്ചു പ്രവർത്തിക്കാനുള്ള അധികാരം ഇൻഡ്യാ ഗവൺമെണ്ടിനാണുള്ളതു്. ഇതല്ലാതെ നമ്മുടെ ഗവൺമെണ്ടിനു ഈ കാര്യത്തെപ്പററി ഒന്നും ചെയ്യാൻ അധികാരമില്ലെന്നുള്ള വിവരം ശ്രീ. ഡീവറെ ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു. സർ, ഇവിടെ നടന്ന തൊഴിൽ പ്രശ്നത്തെ സംബന്ധിച്ചുണ്ടായ വാദമുഖങ്ങൾക്കു് ഇത്രയും മാത്രമേ മറുപടിയായി എനിക്കു പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഈയവസരത്തിൽ ഒരു സംഗതികൂടി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ലേബർ ഡിപ്പാർട്ടുമെണ്ടിന്റെ വർക്സ് മുഴുവനും തയ്യാർ ചെയ്തിട്ടുള്ളതും അധികം കാലതാമസം കൂടാതെ അതു് നടപ്പിൽ വരുത്തുന്നതുമാണു്. ശ്രീ. ജോസും അദ്ദേഹത്തിന്റെ സഹപ്രവർത്തകനും പറയുകയുണ്ടായി ഷാപ്പ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ്സ് ബിൽ എത്രയും വേഗം നടപ്പിൽ വരുത്തണമെന്നു്. എനിക്കു് അതിനു പറയുവാനുള്ളതു് അതേ അഭിപ്രായം തന്നെയാണു് ഗവണ്മെണ്ടിനുമുള്ളതെന്നാണു്. തൊഴിലാളിയും മുതലാളിയും തമ്മിൽ ഒരു വിധത്തിലും സംഘട്ടനം ഉണ്ടാകാതെ നാട്ടിൽ വ്യാവസായികസമാധാനം പുലർത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇൻഡ്യയിലെ ലേബർ മിനിസ്ട്രിയുടെ പാളിസി അനുസരിച്ചു പ്രവർത്തിക്കുന്നതിനു ഒരുക്കമാണെന്നു് ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. എ. പി. ഉദയഭാനു: ലേബർ സംബന്ധിച്ചു സ്ഥിതിവിവരക്കണക്കുകൾ ഉണ്ടാക്കുന്നതിനു് ഒരു ബ്യൂറോ സ്ഥാപിക്കുന്നതിനു് എന്തെങ്കിലും ഏർപ്പാടു ചെയ്യാൻ ഗവണ്മെണ്ടുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഞാൻ കുറിച്ചു വച്ചിട്ടുണ്ടു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: കൃഷിത്തൊഴിലാളികളുടെ മിനിമം കൂലിയെപ്പറ്റി എന്താണു് പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിനിമം കൂലിയെ സംബന്ധിച്ചു കഴിഞ്ഞ ഡിസമ്പർ മാസത്തിൽ മൈസൂരിൽവച്ചു് ഒരു യോഗം കൂടി. എന്നാൽ ആ യോഗം മാറിവക്കണമെന്നുള്ള അപേക്ഷയനുസരിച്ചു് കുറെക്കൂടെ നീട്ടിയിരിക്കുകയാണു്. മൈസൂർ, തിരുവിതാംകൂർ, കൊച്ചി എന്നീ മൂന്നു രാജ്യങ്ങളും ഒരു യൂണിറ്റായി കൂടിയിട്ടു് അതിലേയ്ക്കു വേണ്ട വിവരങ്ങളും ശേഖരിക്കാൻ തീരുമാനിച്ചിരിക്കയാണു്. ഈ രാജ്യത്തിലെ എതാനും സ്ഥലങ്ങളിൽനിന്നും അതിനു് ചിലരെ തിരഞ്ഞെടുക്കാൻ നിർദ്ദേശമുണ്ടു്. എന്നാൽ ആരെയെല്ലാമാണെന്നും ഏതെല്ലാം സ്ഥലങ്ങളിൽനിന്നാണെന്നും തീരുമാനിച്ചിട്ടില്ല. അങ്ങിനെ കാർഷികത്തൊഴിലാളികളെപ്പറ്റിയുള്ള പരാതികളെ പരിഹരിക്കുന്നതിനുവേണ്ടി വളരെ ശ്രദ്ധാപൂർവ്വമായ അന്വേഷണങ്ങളും നടക്കുന്നുണ്ടു്.

Sri. A. K. Patchu Pillai having expressed his desire to press the motion (cut motion No. 7) it was put and lost.

Sri. K. Ramakrishnan Asari: Sir, I demand a poll.

A poll was taken when the House divided as follows:

Ayes—6

Sri. A. Thanu Pillai	Sri. A. K. Patchu Pillai
Sri. D. Gnanasighamony	Sri. Ramakrishnan Asari
Sri. P. S. Nataraja Pillai	Sri. Ponnara G. Sreedhar

Noes—52

1 Sahib Bahadur V. A. Abdul Aziz	19 Sri. Eapen Arakkal
2 Sahib Bahadur Abdul Majeed	20 ,, K. R. Elankath
3 Sri. K. T. Achuthan	21 ,, Gasper D'Silva
4 ,, R. Achuthan	22 ,, P. Gopalan
5 ,, Alexander Vakayil	23 ,, A. J. John
6 Miss Annie Joseph	24 ,, A. V. Joseph
7 Sri. Krishnan Ayyappan	25 ,, K. Karunakaran
8 ,, K. Ayyappan	26 ,, C. Kesavan
9 ,, K. Balakrishna Marar	27 ,, K. K. Kesavan
10 ,, P. Balakrishnan Tampi	28 ,, T. T. Kesavan Sastri
11 ,, T. S. Bandhu	29 ,, T. K. Kunjayyappan
12 ,, N. V. Chacko.	30 ,, Konnanathu Kunjirama Menon
13 ,, P. Chacko	31 ,, Thariathu Kunjithomman
14 ,, G. Chandrasekhara Pillai	32 ,, N. Kunjuraman
15 ,, K. M. Chandy	33 ,, P. S. Madhavan Vaidyan
16 ,, K. K. Chellappan Pillai	34 ,, Mankuzhi M. Madhavan
17 ,, N. Daniel Jose	35 ,, K. A. Mathew
18 ,, Ambat Eachara Menon	36 Sahib Bahadur K. A. Muhammed

LIBRARY ARCHIVES Kerala Legislative Assembly

37	Sri.	P. Nanoo	45	Sri.	S. Sivaraman Asari
38	,,	G. P. Nilakanta Pillai	46	,,	A. M. Thomas
39	,,	Mannathu Padmanabha Pillai	47	,,	Varghese Augustin
40	,,	M. I. Paul	48	,,	P. M. Varghese
41	,,	Paul Thaliath	49	,,	N. P. Varghese
42	,,	Paulose Pylee	50	,,	K. I. Velayudhan
43	,,	K. Ramakrishna Pillai	51	,,	Kalathil Velayudhan Nayar
44	,,	Raphael J. Rodriguez	52	,,	K. K. Viswanathan

Neutral 1.

Sri. P. C. George.

The motion was declared lost.

The Demand was put and carried and the grant was made.

Demand No. XIX—Food and other control Measures.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, "Food and other control measures" ഭരണത്തിനു് ൨ ൦, ൧൨,൯ ൦ ൦ രൂപ അനുവദിച്ചു തരണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Sri. A. J. John: I second it.

At this stage. Mr. Speaker resumed the Chair.

ശ്രീ. ഈപ്പൻ അറയ്ക്കൽ: സർ, സിവിൽ സപ്ലൈസ് കമ്മീഷണക്കുള്ള അലോട്ടുമെണ്ടിൽ ഒരു രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപമാണു് ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു്. അതുകൊണ്ടു് പ്രധാനമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു് റേഷൻ വിതരണത്തിനു കൂടുതൽ സൌകര്യമുണ്ടാകത്തക്കരീതിയിൽ പുതിയ റേഷൻ കടകൾ രാജ്യത്തു ആവശ്യമുള്ള സ്ഥലങ്ങളിൽ അനുവദിക്കണമെന്നുള്ള കാര്യത്തെപ്പറ്റി സംസാരിക്കുമെന്നുള്ളതാണു്. ഈ രാജ്യത്തു റേഷൻ വിതരണം ഇന്നും വളരെ ശരിയായ രീതിയിൽ, തൃപ്തികരമായ രീതിയിൽ നടത്തപ്പെടുന്നില്ല എന്നുള്ള ഒരു പരാതി നമുക്കുണ്ടു്. രാജ്യത്തു ക്ഷേത്രധാന്യങ്ങളുടെ കുറവുനിമിത്തം എല്ലാവർക്കും ആവശ്യമുള്ള തോതിൽ അരി വിതരണം ചെയ്യാൻ സാദ്ധ്യമല്ലെന്നുള്ളതു എല്ലാവർക്കും അറിവുള്ള കാര്യമാണു്. എന്നാൽ നമ്മുടെ കൈവശമുള്ള അരി രാജ്യത്തെ ജനങ്ങൾക്കെല്ലാവർക്കും ഒരുപോലെ തൃപ്തികരമായ രീതിയിൽ ഇന്നു വിതരണം ചെയ്യുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണു് അന്വേഷിക്കേണ്ടതു്. ഇന്നു നമ്മുടെ നാട്ടിൽ അരി വിതരണം നടത്തുന്നതു് റേഷൻഷാപ്പുകൾ വഴിയാണു്. ൧൯൫൧-ൽ ഇവിടെ റേഷനിംഗ് ഏർപ്പാടു നടത്തിയതു മുതൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും അനേകം റേഷൻകടകൾ തുറന്നിട്ടുണ്ടു്. എന്നാൽ എല്ലാവർക്കും സൌകര്യപ്രദമായ രീതിയിൽ, അധികം നടക്കാതെ അരിവാങ്ങാൻ സാധിക്കത്തക്കനിലയിൽ റേഷൻ കടകൾ അന്നു ഏർപ്പെടുത്തിയിരുന്നില്ല. ചില സ്ഥലങ്ങളിൽ ഒന്നും രണ്ടും മൂന്നും മൈൽ അകലത്തിലാണു് റേഷൻ കടകൾ സ്ഥിതി ചെയ്തിരുന്നതു്. അതുകൊണ്ടു് ജനങ്ങൾക്കു് നിത്യാവശ്യത്തിനുള്ള അരി പ്രയാസം കൂടാതെ വാങ്ങാൻ വിഷമം നേരിടുന്നുണ്ടെന്നുള്ള സംഗതി വിസ്മരിക്കാവുന്നതല്ല. എന്നാൽ കാലം കഴിഞ്ഞതോടുകൂടി പുതിയ കടകൾക്കു് അപേക്ഷകൾ കൊടുക്കുകയും ചില വ്യവസ്ഥകളിന്മേൽ ഗവൺമെണ്ടു് അവയ്ക്കു് അനുവാദം കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. കുറെക്കാലം മുമ്പുവരെ പുതിയ റേഷൻകടകൾ തുറക്കുന്നതിനെ സംബന്ധിച്ചു് ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളെപ്പറ്റി എനിക്കു് ഒരു വാക്കു് സംസാരിക്കുവാനുണ്ടു്. സാധാരണയായി തിരുവിതാംകൂർ ഡിവിഷനിൽ ഒരു റേഷൻകട തുടങ്ങുന്നതിനു് കുറഞ്ഞതു് ൫ ൦ ൦ കാർഡെങ്കിലും ഉണ്ടായിരിക്കണമെന്നുള്ള ഒരു വ്യവസ്ഥയുണ്ടു്. അതുപോലെതന്നെ അതിന്റെ ഏറ്റവും മാക്സിമം ൫ ൦ ൦ കാർഡ് ആയിട്ടാണു് ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്. എന്നാൽ ൫ ൦ ൦ കാർഡുകളിൽ കുറവായിരുന്നാൽ ആ കടയ്ക്കു് അനുവാദം നിഷേധിക്കുക എന്ന ഒരു രേറ്റപ്പാടു് ഈ ഡിപ്പാർട്ടുമെണ്ടു് നിലനിൽക്കൊണ്ടുവന്നു. എങ്കിലും ഒരു കടയ്ക്കു് നൂറോ നൂറമ്പതോ കാർഡ് ശേഖരിക്കാൻ സാധിക്കുമെങ്കിൽ നിയമപ്രകാരം അപേക്ഷിച്ചാൽ അതേ സംബന്ധിച്ചു് ഡിപ്പാർട്ടുമെണ്ടു് അന്വേഷണം നടത്തി കുഴപ്പമില്ലെന്നു കണ്ടാൽ കടകൾ അനുവദിക്കുന്ന രീതിയാണു് ഇവിടെ ഇതുവരെ നിലനിന്നു വന്നിരുന്നതു്. സിവിൽസപ്ലൈസ് കമ്മീഷണക്കു് ഒരു പുതിയ കടയ്ക്കുവേണ്ടി അപേക്ഷ കൊടുത്താൽ അതു ആദ്യമായി സ്ഥലം തഹസിൽദാക്കു് അയക്കുകയും അവിടെനിന്നു അസിസ്റ്റണ്ടു് റേഷനിംഗ് ആഫീസർക്കു് അയയ്ക്കുകയും അദ്ദേഹത്തിന്റെ അന്വേഷണത്തിനുശേഷം അദ്ദേഹ

LIBRARY ARCHIVES Kerala Legislative Assembly